2025 മേയ് 04 ഞായർ

# ജനശബ്ദം

JANASABDHAM

www.janasabdham.com മലയാള ദിനപത്രം

തിരുവനന്തപുരം പുസ്തകം : 10 ലക്കം : 169 E-mail: janasabdham@gmail.com, janasabdhamdaily@gmail.com പേജ്: 4 വില: 2 രൂപ



## പാകിസ്ഥാന് വീണ്ടും തിരിച്ചടി

# ഇറക്കുമതിയും തടഞ്ഞ് ഇന്ത്യ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി പാകിസ്ഥാനിൽനിന്നുള്ള ഇറക്കുമതി പൂർണ്ണമായും തടഞ്ഞ് ഇന്ത്യ. ഭീകരാക്രമണത്തെ തുടർന്ന് ബന്ധം വഷളായ സാഹചര്യത്തിൽ രാജ്യത്തിന്റെ സുരക്ഷയെ കൂടി കണക്കിലെടുത്താണ് തീരുമാനം. പാക് ഉൽപ്പന്നങ്ങൾ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്നതും, പാകിസ്ഥാൻ വഴി ഇറക്കുമതി ചെയ്യുന്നതും പാക് ഉൽപന്നങ്ങൾ ഇന്ത്യ വഴി മറ്റു രാജ്യങ്ങളിലേക്ക് കൊണ്ടുപോകുന്നതും രാജ്യം നിരോധിച്ചിട്ടുണ്ട്.

പുൽവാമ ആക്രമണത്തിന് ശേഷം പാകിസ്ഥാനിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് 200 ശതമാനം ഇറക്കുമതി തീരുവ ചുമത്തിയ ഇന്ത്യ, കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ശത്രുരാജ്യത്തിന് കനത്ത പ്രഹരം നൽകിയിരുന്നു. പ്രധാനമായും പഴം, സിമന്റ്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ധാതുക്കൾ എന്നിവയാണ് പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്നത്. 2024 ഏപ്രിലിനും 2025 ജനുവരിക്കും ഇടയിൽ ഇന്ത്യയിലേക്ക് പാകിസ്ഥാനിൽ നിന്ന് 4.2 ലക്ഷം ഡോളറിന്റെ ഉൽപ്പന്നങ്ങൾ മാത്രമാണ് ഇറക്കുമതി ചെയ്തത്. ഇതേ കാലയളവിൽ മുൻപ് 28.6 ലക്ഷം ഡോളറിന്റെ ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തിരുന്നു.

അതേസമയം, പാകിസ്ഥാൻ നേതൃത്വം ഇന്ത്യയ്ക്കെതിരെ ഭീഷണി മുഴക്കുന്നത് തുടരുകയാണ്. സിന്ധു നദീജലം തടഞ്ഞാൽ യുദ്ധമായി കണക്കാക്കുമെന്ന് പ്രതിരോധമന്ത്രി ഖ്വാജ ആസിഫ് വ്യക്തമാക്കി.

എന്നാൽ കൂടുതൽ നടപടികൾ പ്രഖ്യാപിച്ച് ഇന്ത്യ തിരിച്ചടിക്കുകയാണ്. ഇന്ത്യ ആക്രമിക്കുമോ ഭീതിയിലുമാണ് പാകിസ്ഥാൻ. പാക് കരസേന മേധാവി ആസിം മുനീർ പാക് അധീന കശ്മീരിലെത്തി സൈനികരെ കണ്ടു. ആറു ദിവസത്തിനു ശേഷമാണ് മുനീറിന്റെ ഒരു ചിത്രം പുറത്തു വന്നത്. അതിർത്തിയിലെ മദ്രസകൾ പാകിസ്ഥാൻ അടച്ചു. മദ്രസകൾ എന്ന പേരിൽ ചില ഭീകര പരിശീലന കേന്ദ്രങ്ങളും നടക്കുന്നതായുള്ള സൂചന ഇന്ത്യയ്ക്കുണ്ടായിരുന്നു.

സ്കൂൾ വിദ്യാർത്ഥികൾക്കടക്കം യുദ്ധമുണ്ടായാൽ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് പാകിസ്ഥാൻ സേന പരിശീലനം നൽകി. ഗ്രാമവാസികൾക്കായി ബങ്കറുകൾ തയ്യാറാക്കിയതിന്റെ ദൃശ്യങ്ങളും വാർത്താ ഏജൻസികൾ പുറത്തുവിട്ടു.

പാകിസ്ഥാനെ അന്താരാഷ്ട്ര തലത്തിൽ ഒറ്റപ്പെടുത്താൻ ഇന്ത്യ ശ്രമം തുടരുകയാണ്. ഭീകരവാദത്തിന് പണം നൽകുന്നതിന്റെ തെളിവുകൾ വന്ന സാഹചര്യത്തിൽ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്, എഫ്എടിഎഫ് നേരത്തെ പാകിസ്ഥാനെ മുന്നറിയിപ്പിനുള്ള ഗ്രേ പട്ടികയിൽ പെടുത്തിയിരുന്നു. ചൈന ഇടപെട്ട് പിന്നീട് പാകിസ്ഥാനെ ഇതിൽ നിന്ന് ഒഴിവാക്കി. കരിമ്പട്ടികയിൽ ഉൾപ്പെടുത്തണം എന്നാവശ്യപ്പെടാനാണ് ഇന്ത്യയുടെ തീരുമാനം. യുദ്ധസാധ്യത ആശങ്ക ഉയർത്തുന്നതാണെന്നും ചർച്ചയിലൂടെ ഇരു രാജ്യങ്ങളുടെ പ്രശ്നം പരിഹരിക്കണമെന്നും ഇതിനിടെ യൂറോപ്യൻ യൂണിയൻ ആവശ്യപ്പെട്ടു.

അതേസമയം, പാക്സാതാനെതിരെ തിരിച്ചടി തുടർന്ന് ഇന്ത്യ. പാകിസ്താന്റെ കപ്പലുകൾക്ക് ഇന്ത്യൻ തുറമുഖത്ത് വിലക്കേർപ്പെടുത്തിയെന്ന് ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു.

ഇന്ത്യപാക് സമുദ്രാതിർത്തി അടച്ചതായി ഉത്തരവിൽ പറയുന്നു. ഇന്ത്യയിലെ കപ്പലുകൾ പാകിസ്താനിലെ തുറമുഖങ്ങളിൽ നങ്കൂരമിടുന്നതും നിരോധിച്ചിട്ടുണ്ട്. രാജ്യസുരക്ഷ ചൂണ്ടിക്കാട്ടിയാണ് നടപടി. മെർച്ചന്റ് ഷിപ്പിംഗ് ആക്ട് 411ാം വകുപ്പ് പ്രകാരമാണിത്. രാജ്യത്തെ അടിസ്ഥാനസൗകര്യങ്ങളുടെയും പൊതുസ്വത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഈ തീരുമാനം എടുത്തിരിക്കുന്നതെന്ന് സർക്കാർ അറിയിച്ചു.

ഇന്ത്യൻ കപ്പലുകൾ പാകിസ്താന്റെ സമുദ്രാതിർത്തി ഭാഗത്തേക്ക് പോകരുതെന്നും കർശന നിർദേശമുണ്ട്. അതേസമയം, പാകിസ്താനിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതി ഇന്ത്യ നിരോധിച്ചു. വാണിജ്യ മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

### പാകിസ്ഥാനെതിരെ ഇന്ത്യ ഇതുവരെ സ്വീകരിച്ച പ്രധാന നടപടികൾ

സിന്ധു നദീജല കരാർ റദ്ദാക്കി: 1960ലെ സംബന്ധിച്ച് സിന്ധു നദീജല കരാർ താൽക്കാലികമായി നിർത്തിവച്ചു. പാകിസ്ഥാൻ ഇതിനെ 'യുദ്ധസമാനം' എന്നാണ് വിശേഷിപ്പിച്ചു.

വാഗഅട്ടാരി അതിർത്തി അടച്ചുപൂട്ടി: ഇന്ത്യപാകിസ്ഥാൻ ബന്ധത്തിലെ ഏക വ്യാപാര പാതയായ പഞ്ചാബിലെ അട്ടാരി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് അടച്ചു. വിസ റദ്ദാക്കി: എല്ലാ പാകിസ്ഥാൻ പൗരന്മാർക്കും നൽകിയ വിസകൾ (ട അഅഞഋ വിസ ഉൾപ്പെടെ) റദ്ദാക്കി. പാകിസ്ഥാൻ പൗരന്മാരോട് 48 മണിക്കൂറിനുള്ളിൽ ഇന്ത്യ വിടാൻ ആവശ്യപ്പെട്ടു. മെഡിക്കൽ വിസകൾ ഏപ്രിൽ 29 വരെ സമയം നൽകിയിരുന്നു.

നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി: പാകിസ്ഥാൻ ഹൈക്കമ്മിഷനിലെ പ്രതിരോധ, സൈനിക, നാവിക, വ്യോമ ഉപദേഷ്ടാക്കളെ പെർസോണ നോൺ ഗ്രാറ്റ (ുലൃീമി ിീി ഴൃമമേ) ആയി പ്രഖ്യാപിച്ച് ഒരാഴ്ചയ്ക്കുള്ളിൽ രാജ്യം വിടാൻ ആവശ്യപ്പെട്ടു. ഇരു രാജ്യങ്ങളിലെയും ഹൈക്കമ്മിഷനുകളിലെ ജീവനക്കാരുടെ എണ്ണം 55ൽ നിന്ന് 30 ആയി കുറച്ചു. വ്യോമപാത നിരോധനം: പാകിസ്ഥാൻ എയർലൈനുകൾക്ക് ഇന്ത്യൻ വ്യോമമേഖല ഉപയോഗിക്കുന്നതിന് വിലക്കേർപ്പെടുത്തി. ഇതിനു മുമ്പ് പാകിസ്ഥാൻ ഇന്ത്യൻ എയർലൈനുകൾക്ക് തങ്ങളുടെ വ്യോമമേഖലയിൽ വിലക്കേർപ്പെടുത്തിയിരുന്നു. സോഷ്യൽ മീഡിയ നിരോധനം: പാകിസ്ഥാൻ പ്രധാനമന്ത്രി ഷെബാസ് ഷെരീഫിന്റെ യൂട്യൂബ് ചാനൽ, നടൻ ഫവാദ് ഖാൻ, ഗായകൻ ആതിഫ് അസ്‌ലം, മഹിറ ഖാൻ, ഹനിയ അമീർ, സനം സയീദ്, അലി സഫർ തുടങ്ങിയവരുടെ ഇൻസ്റ്റാഗ്രാം അക്കൗണ്ടുകൾ ഇന്ത്യയിൽ നിരോധിച്ചു. സിനിമാ നിരോധനം: പാകിസ്ഥാൻ നടൻ ഫവാദ് ഖാൻ അഭിനയിച്ച 'അബിർ ഗുലാൽ' എന്ന ബോളിവുഡ് ചിത്രത്തിന്റെ റിലീസ് റദ്ദാക്കി.

## സിന്ധുവിൽ ഏത് തരത്തിലുള്ള നിർമിതിയുണ്ടാക്കിയാലും തകർക്കും; പാക് മന്ത്രി

ഇസ്ലാമാബാദ്: വീണ്ടും പ്രകോപനം ഉണ്ടാക്കുന്ന പരാമർശങ്ങളുമായി പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖവാജ ആസിഫ്. സിന്ധു നദിയിലെ വെള്ളം വഴിതിരിച്ചുവിടാൻ ഇന്ത്യ ഏത് തരത്തിലുള്ള നിർമതിയുണ്ടാക്കിയാലും അതിനെ തകർക്കുമെന്നാണ് ഖവാജ ആസിഫിന്റെ ഭീഷണി. പഹൽഹാം ഭീകരാക്രമണത്തിന് പിന്നാലെ ഇരുരാജ്യങ്ങൾക്കുമിടയിലെ ബന്ധം കൂടുതൽ മോശമായ സാഹചര്യത്തിലും യുദ്ധക്കൊതി നിറഞ്ഞ പരാമർശങ്ങൾ തുടരുകയാണ് പാകിസ്ഥാൻ പ്രതിരോധ മന്ത്രി.



പാകിസ്ഥാന്റെ കാർഷിക ഭൂമിയുടെ 80 ശതമാനത്തിനും വെള്ളം ഉറപ്പാക്കുന്ന സിന്ധു നദീജല കരാർ, പഹൽഗാം ഭീകരാക്രമണം ഉണ്ടായി മണിക്കൂറുകൾക്ക് ശേഷം ഇന്ത്യ താൽക്കാലികമായി മരവിപ്പിച്ചിരുന്നു. പാകിസ്ഥാന്റെ ജലം വഴിതിരിച്ചുവിടുന്നത് 'ആക്രമണത്തിന്റെ മുഖമായി' കണക്കാക്കുമെന്നാണ് ഖവാജ ആസിഫ് ആവർത്തിച്ചത്. സിന്ധു തടത്തിൽ അണക്കെട്ടുകൾ നിർമ്മിക്കാൻ ഇന്ത്യ നീങ്ങിയാൽ പാകിസ്ഥാന്റെ പ്രതികരണം എന്തായിരിക്കുമെന്നായിരുന്നു ചോദ്യം. 'അത് പാകിസ്ഥാനെതിരായ ആക്രമണമായിരിക്കും... അവർ (ഇന്ത്യ) ഇത്തരത്തിലുള്ള ഒരു വാസ്തുവിദ്യാ ശ്രമം നടത്തിയാൽ പോലും, പാകിസ്ഥാൻ ആ നിർമ്മിതി നശിപ്പിക്കും' ഖവാജ ആസിഫ് പറഞ്ഞു.

അതേസമയം, ഇത്തരം പൊള്ളയായ ഭീഷണികൾ പാകിസ്ഥാനികൾക്കിടയിലെ ഭയം മാത്രമാണ് കാണിക്കുന്നതെന്ന് ബിജെപി ദേശീയ വക്താവ് ഷാനവാസ് ഹുസൈൻ പറഞ്ഞു.

## വേടന്റെ പുലിപ്പല്ല് കേസിൽ പുലിവാല് പിടിച്ച് വനംവകുപ്പ്; സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച് വനം മേധാവി

കൊച്ചി: റാപ്പർ വേടനെതിരായ പുലിപ്പല്ല് കേസിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച് വനം മേധാവി. വേടനെ ന്യായീകരിച്ചും കുറ്റപ്പെടുത്തിയുമുള്ള റിപ്പോർട്ടാണ് വനം മേധാവി സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്.

വേടമെതിരായ നടപടി നിയമങ്ങൾ പാലിച്ചായിരുന്നെന്ന് റിപ്പോർട്ടിൽ ന്യായീകരിക്കുന്നു. എന്നാൽ കേസിൽ ഉദ്യോഗസ്ഥർ ശ്രീലങ്കൻ ബന്ധം ആരോപിച്ചത് ശരിയായില്ലെന്നും കുറ്റപ്പെടുത്തുന്നു. അന്വേഷണത്തിന് മുൻപു തന്നെ ഉദ്യോഗസ്ഥർ മാധ്യമങ്ങളോട് വിശദാംശങ്ങൾ പറഞ്ഞത് തെറ്റായിപ്പോയെന്നും വിമർശനമുയർന്നിട്ടുണ്ട്. കേസിൽ ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കുന്നതിന്റെ ഭാഗമായാണ് വനം മന്ത്രി എ.കെ. ശശീന്ദ്രൻ വനം മേധാവിയോട് റിപ്പോർട്ട് തേടിയത്. റിപ്പോർട്ട് പരിശോധിച്ച ശേഷം നടപടിയുണ്ടായേക്കും. അറസ്റ്റിനു പിന്നാലെ വനംവകുപ്പിനെതിരേ രൂക്ഷ വിമർശനം ഉയർന്നിരുന്നു. പലരും ഇത് രാഷ്ട്രീയ ആയുധമാക്കിയതോടെയാണ് ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കാനുള്ള നീക്കത്തിലേക്ക് മന്ത്രി കടന്നത്. മുഖ്യമന്ത്രിയുടെ കൂടി നിർദേശ പ്രകാരമാണ് നീക്കമെന്നാണ് വിവരം.



## കോഴിക്കോട് മെഡിക്കൽ കോളേജിലെ തീപിടുത്തം

# മരണം സംബന്ധിച്ച് വിദഗ്ധ ടീം അന്വേഷിക്കും

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജിലുണ്ടായ തീപിടുത്തത്തിൽ സാങ്കേതിക അന്വേഷണം തുടങ്ങിയെന്ന് മന്ത്രി വീണ ജോർജ്ജ്. സംഭവം ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റ് അന്വേഷിക്കുന്നുവെന്നും പിഡബ്ല്യുഡി ഇക്ട്രിക്കൽ വിഭാഗം പ്രാഥമിക റിപ്പോർട്ട് നൽകിയെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. പൊലീസ് ഫോറൻസിക് പരിശോധനയും നടക്കുന്നുണ്ട്. ഇന്നലെ രാത്രി 8 മണിയോടെയാണ് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിനടുത്ത് പുക ഉയർന്നത്. ഷോർട്ട് സർക്യൂട്ട് മൂലമോ ബാറ്ററിക്ക് ഉള്ളിലെ എന്തേലും പ്രശ്നമോ ആണ് ഉള്ളടക്കം. 2026 ഒക്ടോബർ വരെ വാറന്റി ഉള്ള എംആർഐ യുപിഎസ് യൂണിറ്റ് ആണ് അപകടത്തിൽ ആയത്. 6 മാസം മുമ്പ് വരെ മെയ്ന്റനൻസ് നടത്തിയത് ആണ്. എന്താണ് സംഭവിച്ചതെന്നു കണ്ടെത്തണം. അപകടം ഉണ്ടാകുമ്പോൾ 151 രോഗികൾ ഉണ്ടായിരുന്നു. 114 പേർ ഇപ്പോഴും എംസിഎച്ചി (ങഇഒ) ൽ ഉണ്ട്. 37 പേരാണ് മറ്റു ആശുപത്രികളിൽ ഉള്ളതെന്നും മന്ത്രി പറഞ്ഞു.



മരണം സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തും. വിദഗ്ധ ടീം തന്നെ അന്വേഷിക്കും. പോസ്റ്റ്മോർട്ടം വഴി തന്നെ കാരണം വ്യക്തമാകും. മറ്റു മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം ആയിരിക്കും അന്വേഷിക്കുക. അപകടം ഉണ്ടായ ബ്ലോക്ക് പഴയ പടിയാകാൻ സമയം എടുക്കും. വയറിങ് ഉൾപ്പെടെ പരിശോധിച്ചുവരികയാണ്. 3 ദിവസം എങ്കിലും കഴിഞ്ഞേ ബ്ലോക്ക് സാധാരണ നിലയിൽ ആക്കാനാകൂ. പരമാവധി വേഗത്തിൽ ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു.

### പുക ശ്വസിച്ച് ആരും മരിച്ചിട്ടില്ല: വിശദീകരിച്ച് അധികൃതർ

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജ് കാഷ്വാലിറ്റിയിൽ നിന്നും പുക ഉയർന്നതിന് പിന്നാലെ നാല് മൃതദേഹങ്ങൾ മോർച്ചറിയിലേക്ക് മാറ്റിയതിൽ വിശദീകരണവുമായി കോളേജ് അധികൃതർ. പുക ഉയർന്ന സംഭവും മരണങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ ശ്രീജയൻ വ്യക്തമാക്കി. ഷോർട്ട് സർക്യൂട്ടിനെ തുടർന്ന് പുക ഉയർന്നതും ഇത് ശ്വസിച്ചതാണ് മരണകാരണമെന്ന ആരോപണങ്ങൾ ആശുപത്രി അധികൃതർ നിഷേധിക്കുന്നു.

പുക ശ്വസിച്ച് ആരും മരിച്ചിട്ടില്ല, ഈ സംഭവവുമായി ഇന്ന് നടന്ന മരണങ്ങൾക്ക് യാതൊരുവിധ ബന്ധവുമില്ല' മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിൽ പുക ശ്വസിച്ച് നാലുപേർ മരിച്ചെന്ന് രീതിയിൽ സോഷ്യൽ മീഡിയയിലും മാധ്യമങ്ങളിലും വലിയ രീതിയിൽ പ്രചരണം നടന്നതിനെ തുടർന്നായിരുന്നു ആശുപത്രി അധികൃതരുടെ വിശദീകരണം. വസ്തുതകൾ മറച്ചുവെച്ച് വ്യാജ വിവരങ്ങൾ പ്രചരിപ്പിക്കരുതെന്നും മെഡിക്കൽ സൂപ്രണ്ട് അഭ്യർത്ഥിച്ചു.

അഞ്ച് മരണങ്ങളും വ്യത്യസ്ത കാരണങ്ങളാൽ സംഭവിച്ചതാണ്. പുക ശ്വസിച്ചതിന്റെ ഫലമായി ആരും മരിച്ചിട്ടില്ല. ഈ സംഭവവുമായി ബന്ധപ്പെടുത്തി വാസ്തവവിരുദ്ധമായ വിവരങ്ങൾ പ്രചരിപ്പിക്കരുത്. അഞ്ച് രോഗികളുടെ മരണമാണ് ഇന്നലെ സ്ഥിരീകരിച്ചത്. ഇതിൽ ഒരാളെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ ശേഷം ആശുപത്രിയിൽ എത്തിച്ചതാണ്. രണ്ടാമത്തെ മരണം, വിഷം കഴിച്ചതിനെ തുടർന്ന് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച യുവതിയുടേതാണ്. യുവതി അതീവ ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ ആയിരുന്നു. രണ്ട് തവണ ഹൃദയാഘാതം ഉണ്ടായി. പുക പടർന്നതിനെ തുടർന്ന് യുവതിയെ ആംബുലൻസിൽ സമീപ ബ്ലോക്കിലെ മെഡിക്കൽ ഐസിയുവിൽ മാറ്റി. എന്നാൽ, പിന്നീട് മരണം സ്ഥിരീകരിക്കുകയായിരുന്നു' സൂപ്രണ്ട് വ്യക്തമാക്കി. മൂന്നാമത്തെ രോഗി വായിൽ അർബുദം ബാധിച്ചയാളായിരുന്നു. രോഗം മൂർഛിച്ച അവസ്ഥയിൽ എത്തിയ ഇയാൾ പിന്നീട് മരിച്ചു. നാലാമത്തെ രോഗിയുടെ കരളും വൃക്കയും തകരാറിലായിരുന്നു. ഗുരുതരാവസ്ഥയിൽ എത്തിയ ഇദ്ദേഹത്തിന്റെ മരണം പ്രതീക്ഷിച്ചതായിരുന്നുവെന്നും സൂപ്രണ്ട് പറഞ്ഞു. അഞ്ചാമത്തെ രോഗി ന്യുമോണിയയും രക്തത്തിലെ കൗണ്ട് കുറഞ്ഞ നിലയിലും ആയിരുന്നു. സൂപ്രണ്ട് അറിയിച്ചു.

## യഥാസമയം വാക്സീനെടുത്തിട്ടും വീണ്ടും പേവിഷബാധ; ഏഴ് വയസുകാരിയെ എസ്എടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു

തിരുവനന്തപുരം: യഥാസമയം വാക്സീനെടുത്തിട്ടും പേവിഷ ബാധയേൽക്കുന്നത് ആവർത്തിക്കുന്നു. കൊല്ലം വിളക്കൊടി കുന്നിക്കോട് സ്വദേശിയായ കുട്ടിയെ എസ്.എ.ടി ആശുപത്രിയിൽ ചികിത്സയ്ക്ക് പ്രവേശിപ്പിച്ചു. ദിവസങ്ങൾക്ക് മുൻപാണ് മലപ്പുറം പെരുവള്ളൂർ സ്വദേശി സിയ ഫാരിസ് കോഴിക്കോട് മെഡിക്കൽ കോളേജിൽ മരിച്ചത്. ഇതിന് പിന്നാലെയാണ് കൊല്ലത്തും സമാന സംഭവം ആവർത്തിക്കുന്നത്. ഏപ്രിൽ മാസത്തിൽ മാത്രം ആറ് പേരാണ് പേവിഷബാധയേറ്റ് സംസ്ഥാനത്ത് മരിച്ചത്. അതിലും വാക്സീനെടുത്തവർ ഉൾപ്പെട്ടിരുന്നു.

ഏപ്രിൽ എട്ടിന് ഉച്ചയോടെ വീട്ടുമുറ്റത്തിരിക്കുമ്പോഴാണ് കുന്നിക്കോട് സ്വദേശിയായ കുട്ടിയെ താറാവിനെ ഓടിച്ചെത്തിയ പട്ടി കടിച്ചത്. ഉടൻ തന്നെ ഐ.ഡി.ആർ.വി ഡോസ് എടുത്തിരുന്നു.

അന്ന് തന്നെ ആൻറീ റാബിസ് സിറവും നൽകിയിരുന്നു. പിന്നീട് മൂന്ന് തവണ കൂടി ഐഡിആർവി നൽകി. ഇതിൽ മെയ് ആറിന് ഒരു ഡോസ് മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. ഇതിനിടെ ഏപ്രിൽ 28 ന് കുട്ടിക്ക് പനി ബാധിച്ചപ്പോൾ പരിശോധിച്ചു. അപ്പോഴാണ് പേവിഷ ബാധയേറ്റെന്ന് മനസിലായത്. യഥാസമയം വാക്സീനെടുത്തതിനാൽ പേവിഷ ബാധയേൽക്കില്ലെന്ന വിശ്വാസത്തിലായിരുന്നു കുടുംബവും നാട്ടുകാരും. അതിനാൽ തന്നെ പിന്നീടാരും പട്ടിയെ കുറിച്ച് അന്വേഷിച്ചില്ല. നായക്ക് എന്ത് സംഭവിച്ചുവെന്നും വ്യക്തമല്ല. പെൺകുട്ടിക്ക് പേവിഷബാധ ഏറ്റതോടെ പ്രദേശത്ത് മറ്റാർക്കെങ്കിലും നായയുടെ കടിയേറ്റോയെന്ന് അന്വേഷിക്കുന്നുണ്ട്.



# തീവ്രവാദികൾക്കും അവരെ പിന്തുണയ്ക്കുന്നവർക്കുമെതിരെ ഉറച്ച നടപടി ഉറപ്പ്: നരേന്ദ്രമോദി

ന്യൂഡൽഹി: തീവ്രവാദികൾക്കും അവരെ പിന്തുണയ്ക്കുന്നവർക്കും എതിരെ ഉറച്ചതും നിർണ്ണായകവുമായ നടപടി സ്വീകരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഹൽഗാം ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്ഥാൻ ഇന്ത്യ സംഘർഷം മൂർച്ഛിക്കുന്നതിനിടെയാണ് പ്രധാനമന്ത്രിയുടെ പ്രതികരണം. അംഗോളൻ പ്രസിഡന്റ് ജോവോ മാനുവൽ ഗോൺകാൽവ്സ് ലോറെൻകോയുമായുള്ള സംയുക്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



ഭീകരത മനുഷ്യരാശിയുടെ ഏറ്റവും വലിയ ഭീഷണിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഏപ്രിൽ 22നാണ് പഹൽഗാമിൽ 26 പേർ കൊല്ലപ്പെട്ട ഭീകരാക്രമണം നടന്നത്. ഇതിന് പിന്നാലെ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സംഘർഷം വർധിച്ചിരുന്നു. പാകിസ്ഥാൻ ആസ്ഥാനമായുള്ള ഭീകര സംഘടനയായ ലഷ്കർഇതൊയ്ബയുടെ ഒരു വിഭാഗമായ റെസിസ്റ്റൻസ് ഫ്രണ്ട് (ടിആർഎഫ്) ആണ് ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തത്.

നാല് ആക്രമണകാരികളിൽ രണ്ട് പേർ പാകിസ്ഥാൻ പൗരന്മാരാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ആക്രമണത്തിന് ശേഷം ചേർന്ന സുരക്ഷാ കാര്യങ്ങളുടെ മന്ത്രിസഭാ സമിതി യോഗത്തിൽ നീതി തേടുന്നതിൽ ഇന്ത്യ ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന് മോദി മുന്നറിയിപ്പ് നൽകിയിരുന്നു. 'എല്ലാ തീവ്രവാദികളെയും അവരുടെ പിന്തുണക്കാരെയും ഞങ്ങൾ തിരിച്ചറിയുകയും കണ്ടെത്തുകയും ശിക്ഷിക്കുകയും ചെയ്യും. ഭൂമിയുടെ അറ്റം വരെ ഞങ്ങൾ അവരെ പിന്തുടരും,' അദ്ദേഹം പറഞ്ഞു. ഞ ലരീൗാലിറലറ എീ്യ ഥീൗ

പാകിസ്ഥാനുള്ള ശിക്ഷാ നടപടികളുടെ ഭാഗമായി, ഇന്ത്യ സിന്ധു നദീജല ഉടമ്പടി താൽക്കാലികമായി നിർത്തിവച്ചിരിക്കുരയാണ്. കൂടാതെ അട്ടാരി അതിർത്തി അടച്ചു, പാകിസ്ഥാൻ പൗരന്മാർക്ക് നൽകിയ എല്ലാ വിസകളും റദ്ദാക്കി, പാകിസ്ഥാൻ യൂട്യൂബ് ചാനലുകൾക്കും എക്സ് ഹാൻഡിലുകൾക്കും നേരെ വ്യാപകമായ നടപടി സ്വീകരിച്ചു, നയതന്ത്ര ബന്ധങ്ങൾ തരംതാഴ്ത്തി തുടങ്ങിയ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

# ജാതിസെൻസസ് പഹൽഗാം മറയ്ക്കാനുള്ള തന്ത്രമോ? ചോദ്യമുന്നയിച്ച് കോൺഗ്രസ്

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിൽ കേന്ദ്ര സർക്കാരിനെതിരായ ആക്രമണം രൂക്ഷമാക്കി കോൺഗ്രസ്. 26 പേർ കൊല്ലപ്പെട്ടിട്ട് 10 ദിവസം കഴിഞ്ഞിട്ടും സർക്കാർ നിഷ്ക്രിയത്വം പുലർത്തുകയാണ് എന്ന് കോൺഗ്രസ് ആരോപിച്ചു. പഹൽഗാം ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിനൊപ്പം നിൽക്കുന്നു എന്നും എന്നാൽ അവർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് ഇതുവരെ ഒരു സൂചനയും ലഭിച്ചിട്ടില്ല എന്നും കോൺഗ്രസ് പറഞ്ഞു

ജാതിസെൻസസ് പ്രഖ്യാപിച്ച സമയത്തിലും കോൺഗ്രസ് സംശയം പ്രകടിപ്പിച്ചു. രാജ്യം പഹൽഗാം സംഭവത്തിൽ ദുഃഖിക്കുന്ന സമയത്താണ് പ്രഖ്യാപനം വന്നത് എന്നും ഇത് മറ്റെന്തെങ്കിലും മറച്ച് വെക്കാൻ വേണ്ടിയാണോ എന്നും കോൺഗ്രസ് ചോദിച്ചു. വെള്ളിയാഴ്ച വൈകുന്നേരം നടന്ന കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗത്തിൽ, പഹൽഗാം സംഭവത്തെക്കുറിച്ചും ജാതി സെൻസസ് പ്രഖ്യാപനത്തെക്കുറിച്ചും പ്രവർത്തക സമിതി ഓരോ പ്രമേയം അംഗീകരിച്ചു.




സ്ഥിതിവിവരക്കണക്കുകൾ മാത്രമല്ല, സാമൂഹികസാമ്പത്തിക സൂചകങ്ങളും രേഖപ്പെടുത്തുന്ന സമഗ്രമായ ഒരു പ്രവർത്തനമായിരിക്കണം ജാതിസെൻസസ് എന്ന് കോൺഗ്രസ് പറഞ്ഞു. 56 ചോദ്യങ്ങളുള്ള തെലങ്കാന ജാതി സർവേ കേന്ദ്രം അനുകരിക്കേണ്ട മാതൃകയാണെന്ന് കോൺഗ്രസ് പ്രമേയത്തിൽ അവകാശപ്പെട്ടു. ജാതി സെൻസസിന് ഒരു സമയപരിധി ഉണ്ടായിരിക്കണം. 50% സംവരണ പരിധി ഉയർത്തണമെന്ന ആവശ്യം കോൺഗ്രസ് ആവർത്തിച്ചു.

ആറു മാസത്തിലധികം ഈ വിഷയങ്ങളിൽ പാർട്ടി ഉറച്ചുനിൽക്കേണ്ടതുണ്ടെന്നും ജാതി സെൻസസിലെതുപോലുള്ള തുടർച്ചയായ പ്രചാരണങ്ങൾ പാർട്ടിയുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാരിനെ നിർബന്ധിതരാക്കുമെന്നും രാഹുൽ ഗാന്ധി പറഞ്ഞതായി യോഗത്തിൽ പങ്കെടുത്ത ഒരു നേതാവ് പറഞ്ഞു.

ജാതി സെൻസസ് നടത്താനുള്ള തീരുമാനം ഒരു അർധരാത്രി കൊണ്ട് എടുത്തതാണോ എന്നായിരുന്നു ജയ്റാം രമേഷ് ചോദിച്ചത്. കഴിഞ്ഞ ബുധനാഴ്ചയാണ് ജാതിസെൻസസ് നടത്തും എന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. പൊതുസെൻസസിനൊപ്പം ജാതി സെൻസസ് നടത്തും എന്നാണ് കേന്ദ്രമന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ച് കൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പ്രഖ്യാപിച്ചത്.

ഏപ്രിൽ 22 നായിരുന്നു പഹൽഗാമിൽ 26 പേർ കൊല്ലപ്പെട്ട ഭീകരാക്രമണം നടന്നത്. ഒരു മലയാളിയും ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. 'ഒരു രാഷ്ട്രമെന്ന നിലയിൽ പാകിസ്ഥാനെ ഒരു പാഠം പഠിപ്പിക്കാനും തീവ്രവാദത്തെ നിർണ്ണായകമായി നിയന്ത്രിക്കാനുമുള്ള നമ്മുടെ കൂട്ടായ ഇച്ഛാശക്തി പ്രകടിപ്പിക്കേണ്ട സമയമാണിത്. നമ്മുടെ പ്രദേശത്തേക്ക് ഭീകരത കയറ്റുമതി ചെയ്യുന്നത് തുടരുന്നതിന് പാകിസ്ഥാന് മറുപടി കൊടുക്കണം എന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു,' എന്നായിരുന്നു പഹൽഗാം ആക്രമണം സംബന്ധിച്ച പ്രമേയം.

പഹൽഗാം ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് എന്നാണ് നീതി ലഭിക്കുക എന്ന് മുൻ ഛത്തീസ്ഗഡ് മുഖ്യമന്ത്രി ഭൂപേഷ് സിംഗ് ബാഗേൽ ചോദിച്ചു. 'മരിച്ചവർക്ക്, അവർക്ക് എപ്പോൾ നീതി ലഭിക്കും ആരാണ് ഉത്തരവാദി ആഭ്യന്തരമന്ത്രി ഉത്തരവാദിത്തം ഏറ്റെടുക്കുമോ അതോ പ്രതിരോധ മന്ത്രി ഏറ്റെടുക്കുമോ പഹൽഗാമിൽ നമ്മുടെ സുരക്ഷാ സംവിധാനം എന്തുകൊണ്ട് പരാജയപ്പെട്ടു',' അദ്ദേഹം ചോദിച്ചു. 'പഹൽഗാമിൽ എന്താണ് നടന്നത് എന്നതിൽ അന്വേഷണം വേണം എന്ന് പ്രിയങ്ക ഗാന്ധി ആവശ്യപ്പെട്ടു. എന്നാൽ പാകിസ്ഥാൻ ആവശ്യപ്പെടുന്ന അന്വേഷണമായി ഇതിനെ വ്യാഖ്യാനിക്കും എന്നതിനാൽ പ്രമേയത്തിന്റെ കരടിൽ നിന്ന് അന്വേഷണം എന്ന വാക്ക് നീക്കം ചെയ്ത് പകരം ഉത്തരവാദിത്തം എന്നാക്കി മാറ്റി," വൃത്തങ്ങൾ പറഞ്ഞു. രാജ്യത്തെ ഏറ്റവും കൂടുതൽ സുരക്ഷയുള്ള പ്രദേശങ്ങളിലൊന്നായ ഇവിടെ സുരക്ഷാ, രഹസ്യാന്വേഷണ മേഖലയിലെ ഗുരുതരമായ വീഴ്ചകൾ സമയബന്ധിതമായി പരിഹരിക്കണമെന്ന മുൻ ആവശ്യം പ്രവർത്തക സമിതി വീണ്ടും ആവർത്തിച്ചു. ഇന്ത്യയിലെ ജനങ്ങൾ സുതാര്യതയും ഉത്തരവാദിത്തവും അർഹിക്കുന്നു എന്നും പ്രവർത്തക സമിതി പ്രമേയത്തിൽ പറയുന്നു.

# പഹൽഗാമിൽ ആക്രമിച്ച ഭീകരർ വനത്തിനുള്ളിലെ ബങ്കറിൽ; തെരച്ചിൽ ശക്തമാക്കി സൈന്യം, ഡ്രോൺ പരിശോധന

ന്യൂഡൽഹി: പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരർ വനത്തിനുള്ളിലെ ബങ്കറിലെന്ന് സൂചന. തെക്കൻ കാശ്മീരിലെ വനമേഖലയിൽ സൈന്യത്തിന്റെ പരിശോധന തുടരുകയാണ്. മനുഷ്യസാന്നിധ്യം കണ്ടെത്തുന്ന ഡ്രോൺ പരിശോധന രാത്രിയിൽ നടത്തിയെങ്കിലും സൂചനകൾ ഒന്നും കിട്ടിയില്ല. ഇതോടെയാണ് ഭീകരർ വനത്തിനുള്ളിലെ ബംഗറിൽ ഒളിച്ചിരിക്കുന്നു എന്ന സംശയം സൈന്യത്തിന് ഉണ്ടായത്. ബങ്കറിനുള്ളിൽ ആവശ്യമായ ഭക്ഷണം മുൻകൂട്ടി കരുതിയിരുന്നു എന്നും സംശയമുണ്ട്.



പഹൽഗാം ഭീകരാക്രമണത്തിലെ പ്രതികൾക്കായി പതിനൊന്നാം ദിവസവും തെരച്ചിൽ തുടരുകയാണ്. അനന്ത്നാഗ് മേഖല കേന്ദ്രീകരിച്ചാണ് തെരച്ചിൽ നടക്കുന്നത്. ഭീകരരുടെ ആയുധങ്ങൾ വനമേഖലയിൽ ഉപേക്ഷിച്ചോ എന്നത് സംബന്ധിച്ചും തെരച്ചിൽ തുടരുകയാണ്. മനുഷ്യസാമീപ്യം തിരിച്ചറിയാൻ കഴിയുന്ന പരിശീലനം നേടിയ നായകളെ അടക്കം സൈന്യം വനത്തിനുള്ളിൽ തെരച്ചിലിന് ഉപയോഗിക്കുന്നുണ്ട്. വനമേഖലയോട് ചേർന്ന് ഗുജ്ജറുകൾ വേനൽക്കാലത്ത് ഉപയോഗിക്കുന്ന മൺവീടുകളിലും സൈന്യം പരിശോധന പരിശോധന നടത്തി. അതിർത്തിയിൽ കൂടുതൽ സായുധ സേനയെ വിന്യസിക്കുന്ന നടപടിയും തുടരുന്നുണ്ട്. ശ്രീനഗറിൽ അടക്കം കനത്ത ജാഗ്രത തുടരുകയാണ്.

ടൂറിസം കേന്ദ്രങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ സഞ്ചാരികളുടെ വരവിൽ കാര്യമായ കുറവുണ്ട്. 95 ശതമാനം വിനോദ സഞ്ചാരികളും കശ്മീർ യാത്ര റദ്ദാക്കിയതോടെ മേഖലയിലെ കച്ചവടക്കാരുടെ വരുമാനം നിലച്ചിരിക്കുകയാണ്. സ്ഥിതി മെച്ചപ്പെടുത്താൻ സർക്കാർ പദ്ധതി ആവിഷ്കരിക്കണം എന്ന് വ്യാപാരികൾ പറയുന്നു.

ടൂറിസം കേന്ദ്രങ്ങളിലെ നിയന്ത്രണങ്ങളും നീക്കണം എന്നും അവർ ആവശ്യപ്പെടുന്നു. ദിവസവും 15,000 സഞ്ചാരികൾ എത്തുന്ന കശ്മീരിലെ ഗുൽ മാർഗും വിജനമാണ്. നൂറ് സഞ്ചാരികൾ പോലും വരുന്നില്ലെന്ന് നാട്ടുകാർ പറയുന്നു. സുരക്ഷാ പരിശോധന ഗുൽ മാർഗിലും കർശനമാക്കി.




# ഗോവയിൽ ക്ഷേത്ര ഉത്സവത്തിനിടെ തിക്കിലും തിരക്കിലും പെട്ട് 7 മരണം; 30 ഓളം പേർക്ക് പരിക്ക്

പനാജി: ഗോവ ഷിർഗാവിലെ ലായ്റായ് ദേവി ക്ഷേത്ര ഉത്സവത്തിനിടയിൽ ഉണ്ടായ തിക്കിലും തിരക്കിലും പെട്ട് 7 പേർക്ക് ദാരുണാന്ത്യം. ക്ഷേത്രത്തിലെ ദേവി ലൈറായ് ജത്രയ്ക്കിടെ ഇന്ന് രാവിലെയോടെയാണ് അപകടം നടന്നത്. സംഭവത്തിൽ 30 ഓളം പേർക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിലേക്ക് മാറ്റിയതായി അധികൃതർ അറിയിച്ചു.

പ്രദേശത്തെ ഏറ്റവും വലിയ ഉത്സവമാണ് ക്ഷേത്രത്തിലേത്. മഹാരാഷ്ട്ര, കർണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്നടക്കം ഭക്തർ ഇവിടെ എത്താറുണ്ട്. ഈ വർഷവും ആയിരക്കണക്കിന് പേരാണ് ഉത്സവത്തിന് എത്തിയത്. കത്തുന്ന തീക്കനലുകളിലൂടെ നഗ്നപാദരായി നടക്കുന്നതാണ് ഉത്സവത്തിലെ പ്രധാന ചടങ്ങ്. ഇന്നലെ പുലർച്ചയോടെ തന്നെ ചടങ്ങുകൾ ആരംഭിച്ചിരുന്നു. വിശ്വാസികൾ ചേർന്നുള്ള നൃത്തത്തിന് ശേഷമാണ് തീക്കനലിൽ ചാടുന്ന ചടങ്ങ് നടക്കുക.

ദേവി നാമം ജപിച്ച് ആളുകൾ കൂട്ടിയിട്ട കനലിന് മുകളിലൂടെ നടക്കും. ഇതിൽ പങ്കെടുക്കാനായി ശനിയാഴ്ച രാവിലെയോടെ നിരവധി പേരാണ് ക്ഷേത്രത്തിൽ എത്തിയത്. എന്നാൽ തിരക്ക് നിയന്ത്രണാതീതമാകുകയായിരുന്നു. പിന്നാലെ ഉന്തും തള്ളും ഉണ്ടാകുകയായിരുന്നുവെന്ന ദൃക്സാക്ഷികളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 6 പേർ സംഭവ സ്ഥലത്ത് തന്നെ മരിച്ചു. ഒരാൾ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്. അപകടത്തിൽ പരിക്കേറ്റ എട്ട് പേരുടെ നില ഗുരുതരമാണെന്നാണ് വിവരം. പരിക്കേറ്റ രണ്ട് പേരെ പിന്നീട് ഗോവ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

# പാകിസ്ഥാനെ കൂടുതൽ സമ്മർദ്ദത്തിലാക്കാൻ ഇന്ത്യ; ലോക ബാങ്കിനെയടക്കം സമീപിക്കും; ധനസഹായം നിർത്തണമെന്ന് ആവശ്യം

ന്യൂഡൽഹി: പാകിസ്ഥാനെതിരെ ലോകബാങ്കിനെയും അന്താരാഷ്ട്ര നാണ്യ നിധിയെയും സമീപിക്കാൻ ഇന്ത്യ. പാകിസ്ഥാനുള്ള ധനസഹായം നിർത്തണം എന്ന് ആവശ്യപ്പെടും. ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്, എഫ്എടിഎഫിനോട് പാകിസ്ഥാനെ വീണ്ടും ഗ്രേ പട്ടികയിൽ ഉൾപ്പെടുത്താനും ആവശ്യപ്പെടും. അതേസമയം കരയിൽ നിന്ന് കരയിലേക്ക് തൊടുക്കുന്ന ബാലിസ്റ്റിക്ക് മിസൈൽ പരീക്ഷണത്തിന് പാകിസ്ഥാൻ തയ്യാറെടുക്കുന്നതായി ഇന്ത്യക്ക് സൂചന ലഭിച്ചു. പരീക്ഷണം അടുത്തയാഴ്ച നടക്കുമെന്നാണ് വിവരം ലഭിച്ചത്. പരീക്ഷണം പ്രകോപനമായി കാണുമെന്നാണ് കേന്ദ്ര സർക്കാർ വൃത്തങ്ങൾ വ്യക്തമാക്കുന്നത്.




അതിനിടെ ഇന്ത്യൻ വ്യോമസേന അതിർത്തി ലംഘിച്ചു എന്ന പാകിസ്ഥാൻ മാധ്യമങ്ങളുടെ ആരോപണം കേന്ദ്ര സർക്കാർ വൃത്തങ്ങൾ തള്ളി. ഇന്ത്യയുടെ റഫാൽ വിമാനങ്ങൾ അതിർത്തി ലംഘിച്ചെന്നും പാക് വ്യോമസേന നേരിടാൻ തുടങ്ങിയപ്പോൾ മടങ്ങിയെന്നുമാണ് പാക് മാധ്യമങ്ങളിലെ പ്രചാരണം. ഭയം കൊണ്ട് പാകിസ്ഥാൻ കള്ളപ്രചാരണം നടത്തുന്നു എന്നാണ് സർക്കാർ വ്യക്തമാക്കുന്നത്. തിരിച്ചടിക്ക് ഇന്ത്യൻ സേനകൾക്ക് പ്രധാനമന്ത്രി പൂർണ്ണ അവകാശം നൽകിയ സാഹചര്യത്തിൽ പാകിസ്ഥാൻ അതിർത്തിയിലേക്ക് കൂടുതൽ സൈനികരെയും ഉപകരണങ്ങളും എത്തിച്ചിരുന്നു. പാക് കരസേന മേധാവി അസിം മുനീർ കഴിഞ്ഞ ദിവസം പാക് അധീന കശ്മീരിൽ എത്തിയിരുന്നു.

അതേസമയം പഹൽഗാം ഭീകരാക്രമണത്തിലെ പ്രതികൾക്കായി പതിനൊന്നാം ദിവസവും തെരച്ചിൽ തുടരുകയാണ്. അനന്ത്നാഗ് മേഖല കേന്ദ്രീകരിച്ചാണ് തെരച്ചിൽ. ഭീകരരുടെ ആയുധങ്ങൾ വനമേഖലയിൽ ഉപേക്ഷിച്ചോ എന്നതിലും അന്വേഷണം നടക്കുകയാണ്. അതിർത്തിയിൽ കൂടുതൽ സായുധ സേനയെ വിന്യസിക്കുന്ന നടപടിയും തുടരുന്നുണ്ട്. ശ്രീനഗറിൽ അടക്കം കനത്ത ജാഗ്രത തുടരുകയാണ്. ടൂറിസം കേന്ദ്രങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ സഞ്ചാരികളുടെ വരവിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്.

# വൈദികരും കന്യാസ്ത്രീകളും ആദായനികുതി ഒടുക്കണം; ഹർജികളെല്ലാം തള്ളി സുപ്രീംകോടതി

ന്യൂഡൽഹി: സ്കൂൾ അധ്യാപകരായ കന്യാസ്ത്രീകളുടെയും വൈദികരുടെയും ശമ്പളത്തിൽ നിന്ന് ആദായനികുതി ഈടാക്കണമെന്ന് സുപ്രീം കോടതി.

കഴിഞ്ഞ വർഷത്തെ വിധിയിൽ പുനപരിശോധന ആവശ്യപ്പെട്ട ഹർജി കോടതി തള്ളി. കഴിഞ്ഞ വർഷം നവംബറിലാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് ശമ്പളത്തിൽ നിന്ന് ടിഡിഎസ് ഈടാക്കാമെന്ന് വിധിച്ചത്. ഇത് ശരിവച്ചു കൊണ്ടാണ് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ചിന്റെ പുതിയ വിധി.സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധ്യാപകരായി ജോലി ചെയ്യുന്ന കന്യാസ്ത്രീകൾക്കും വൈദികർക്കും നൽകുന്ന ശമ്പളത്തിന് ആദായനികുതി ബാധകമാണെന്ന മദ്രാസ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് സുപ്രീം കോടതി കഴിഞ്ഞ വർഷം ശരിവെച്ചിരുന്നു. ശമ്പളം വാങ്ങുന്ന വ്യക്തികൾ ആദായനികുതി നൽകാൻ ബാധ്യസ്ഥരാണ്. മതപരമായ കാരണങ്ങളുടെ പേരിൽ ഇളവ് അനുവദിക്കാൻ കഴിയില്ല. വൈദികരും കന്യാസ്ത്രീകളും ശമ്പളം വ്യക്തിപരമായ ആവശ്യങ്ങൾക്കല്ല, മറിച്ച് സമൂഹ നന്മയ്ക്കായാണ് വിനിയോഗിക്കുന്നത് എന്ന ഹർജിക്കാരുടെ വാദം കോടതി അംഗീകരിച്ചില്ല.അധ്യാപകരായ കന്യാസ്ത്രീകളെയും വൈദികരെയും ആദായനികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേരളത്തിൽ നിന്നടക്കം വന്ന 93 ഹർജികൾ തള്ളിക്കൊണ്ടായിരുന്നു കഴിഞ്ഞ വർഷത്തെ സുപ്രിംകോടതിയുടെ സുപ്രധാന വിധി. വൈദികരോ കന്യാസ്ത്രീകളോ ആരായാലും ശമ്പളം വാങ്ങുന്ന ഏതൊരു വ്യക്തിയും നികുതി നൽകണമെന്ന സുപ്രീം കോടതി വിധി ആവർത്തിച്ചു കൊണ്ടാണ് റിവ്യൂ പെറ്റീഷൻ തള്ളിക്കൊണ്ട് മൂന്നംഗ ബെഞ്ച് വ്യക്തമാക്കിയത്. നിയമം എല്ലാവർക്കും ഒരുപോലെയാണെന്നും കോടതി ഓർമ്മിപ്പിച്ചു.

# സർജിക്കൽ സ്ട്രൈക്കിന്റെ തെളിവ് ചോദിച്ച് കോൺഗ്രസ് എംപി; പാകിസ്ഥാനിൽ പോയി നോക്കൂവെന്ന് ബിജെപി

ന്യൂഡൽഹി: പുൽവാമ ഭീകരാക്രമണത്തിന് പിന്നാലെ 2019ൽ അതിർത്തി കടന്നുള്ള ഇന്ത്യൻ സായുധ സേനയുടെ സർജിക്കൽ സ്ട്രൈക്കുകളെ ചോദ്യം ചെയ്തുകൊണ്ട് കോൺഗ്രസ് എംപിയും പഞ്ചാബ് മുൻ മുഖ്യമന്ത്രിയുമായ ചരൺജിത് സിംഗ് ചന്നി നടത്തിയ പ്രസ്താവന വിവാദത്തിൽ. ആരും അത് കണ്ടിട്ടില്ലെന്നായിരുന്നു ചന്നിയുടെ ആരോപണം. എന്നാൽ ഈ പരാമർശം സായുധ സേനയുടെ മനോവീര്യം തകർക്കുന്നുവെന്നാണ് ബിജെപി തിരിച്ചടിച്ചത്.

ഇതുവരെ, സർജിക്കൽ സ്ട്രൈക്ക് എവിടെയാണ് നടന്നതെന്നോ, ആ സമയത്ത് ആളുകൾ എവിടെയാണ് കൊല്ലപ്പെട്ടതെന്നോ, പാകിസ്ഥാനിൽ ഇത് എവിടെയാണ് സംഭവിച്ചതെന്നോ എനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒന്നും സംഭവിച്ചിട്ടില്ല. എവിടെയും സർജിക്കൽ സ്ട്രൈക്ക് കണ്ടില്ല. ആരും അറിഞ്ഞിട്ടുമില്ല. ഞാൻ എപ്പോഴും തെളിവ് ആവശ്യപ്പെടാറുണ്ട്' എന്നായിരുന്നു ചന്നിയുടെ വാക്കുകൾ.

പഹൽഗാം ഭീകരാക്രമണത്തിൽ കോൺഗ്രസ് പാർട്ടി സർക്കാരിനെ പരസ്യമായി പിന്തുണച്ച സാഹചര്യത്തിൽ വന്ന ചന്നിയുടെ പരാമർശം ഇതോടെ വിവാദമാവുകയായിരുന്നു. 'സർക്കാർ എന്തെങ്കിലും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. പഹൽഗാം ഭീകരാക്രമണത്തിന്റെ കുറ്റവാളികൾ ആരാണെന്ന് ജനങ്ങളോട് പറയുകയും അവരെ ശിക്ഷിക്കുകയും ചെയ്യണം' അദ്ദേഹം പറഞ്ഞു. 'പഹൽഗാം ആക്രമണം നടന്നിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടും സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പാകിസ്ഥാനെതിരെ



സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് കാണാൻ രാജ്യം മുഴുവൻ കാത്തിരിക്കുകയാണ്. 56 ഇഞ്ച് നെഞ്ചളവ് നടപടിയെടുക്കാൻ ജനങ്ങൾ കാത്തിരിക്കുകയാണ്' എന്നും ചന്നി നടപടികളിലെ കാലതാമസം ചൂണ്ടിക്കാട്ടി സർക്കാരിനെ വിമർശിച്ചു. എന്നാൽ ചരൺജിത് സിംഗ് ചന്നിയുടെ പ്രസ്താവന ബിജെപി കേന്ദ്രങ്ങളിൽ നിന്ന് കടുത്ത എതിർപ്പിന് ഇടയാക്കിയിരുന്നു. ആറ് വർഷം മുൻപ് നടന്ന സർജിക്കൽ സ്ട്രൈക്ക് തിരിച്ചടിയിൽ അന്ന് തന്നെ കോൺഗ്രസ് സംശയം ഉയർത്തിയിരുന്നു. എന്നാൽ ഇതേ നിലപാട് വീണ്ടും ആവർത്തിച്ച സാഹചര്യത്തിലാണ് ബിജെപി ഇതിന് മറുപടിയുമായി രംഗത്ത് വന്നത്. മന്ത്രിയും ബിജെപി നേതാവുമായ മഞ്ജിന്ദർ സിംഗ് സിർസയാണ് മറുപടി നൽകിയത്.

സർജിക്കൽ സ്ട്രൈക്കിന്റെ തെളിവ് വേണമെന്ന ചരൺജിത് സിംഗ് ചന്നിയുടെ പ്രസ്താവന കോൺഗ്രസിന്റെയും ഗാന്ധി കുടുംബത്തിന്റെയും വൃത്തികെട്ട മാനസികാവസ്ഥയെയാണ് പ്രതിഫലിപ്പിക്കുന്നത്. സൈന്യത്തിന്റെ മനോവീര്യം താഴ്ത്താൻ ഈ ആളുകൾ ഒരു അവസരവും പാഴാക്കുന്നില്ല' സിർസ പറയുന്നു. 'വ്യോമാക്രമണത്തിന്റെ തെളിവുകൾ കാണാൻ രാഹുൽ ഗാന്ധിയോടൊപ്പം നിങ്ങൾക്ക് പാകിസ്ഥാനിലേക്ക് പോകാം. സർജിക്കൽ സ്ട്രൈക്കുകൾ നടത്തി ഇന്ത്യ വലിയ നാശനഷ്ടങ്ങൾ വരുത്തിവച്ചുവെന്ന് പാകിസ്ഥാൻ തന്നെ പറയുന്നു. സൈന്യത്തെ എപ്പോഴും ചോദ്യം ചെയ്യുകയും സേനയുടെ മനോവീര്യം തകർക്കുകയും ചെയ്യുന്ന ഗാന്ധി കുടുംബത്തിന്റെ വൃത്തികെട്ട രാഷ്ട്രീയവും വൃത്തികെട്ട മാനസികാവസ്ഥയെയും ഞാൻ അപലപിക്കുന്നു' സിർസ കൂട്ടിച്ചേർത്തു. സർജിക്കൽ സ്ട്രൈക്കിനെ സംശയിക്കുന്ന ചന്നിയുടെ പ്രസ്താവനയോട് ബിജെപി വക്താവ് സാംബിത് പത്രയും കടുത്ത ഭാഷയിൽ പ്രതികരിച്ചു. കോൺഗ്രസ് സായുധ സേനയെയും ഇന്ത്യയിലെ ജനങ്ങളെയും നിരാശപ്പെടുത്തുകയാണെന്ന് അദ്ദേഹം പറഞ്ഞു. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയെ പാകിസ്ഥാൻ വർക്കിംഗ് കമ്മിറ്റിയെന്നും അദ്ദേഹം വിശേഷിപ്പിച്ചു.



## കോവിഡ് പേടി ; മാതാപിതാക്കൾ മൂന്ന് മക്കളെ മൂന്ന് വർഷം പൂട്ടിയിട്ട് വളർത്തി; മോചിപ്പിച്ച് പോലീസ്

ഒവിഡോ: ലോകമെങ്ങും ഭീതി പരത്തിയ കോവിഡിന്റെ മൂന്നാം തരംഗം കഴിഞ്ഞ് നിയന്ത്രണങ്ങൾ നീക്കിയ ശേഷവും മക്കളെ വീടിനകത്ത് പൂട്ടിയിട്ട ദമ്പതികൾ അറസ്റ്റിലായി. സ്പെയിനിൽ മൂന്ന് വർഷത്തോളമായി വീട്ടിലെ മുറിയിൽ പൂട്ടിയിട്ട് വളർത്തിയ മൂന്ന് കുട്ടികളെ പോലീസ് രക്ഷിച്ചു. ജർമ്മൻ സ്വദേശികളാണ് 8 വയസ് പ്രായമുള്ള ഇരട്ടകളും 10 വയസ് പ്രായമുള്ള സഹോദരനും. തിങ്കളാഴ്ചയാണ് സ്പെയിനിലെ വടക്ക് പടിഞ്ഞാറൻ മേഖലയിലുള്ള ഒവിഡോയിൽ നിന്ന് മൂന്ന് കുട്ടികളെ പോലീസ് രക്ഷിക്കുന്നത്. വീടിനുള്ളിൽ പൂട്ടിയിട്ട നിലയിലായിരുന്നു കുട്ടികളുണ്ടായിരുന്നത്. 2021ന് ശേഷം പുറം ലോകവുമായി ഇവർക്ക് ബന്ധമുണ്ടായിരുന്നില്ല.

ഇവരുടെ മാതാപിതാക്കൾ തന്നെയാണ് കുട്ടികളെ ഇത്തരത്തിൽ ബന്ധനത്തിൽ വളർത്തിയതെന്നാണ് പോലീസ് വിശദമാക്കുന്നത്. ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ കൊവിഡ് മഹാമാരിക്ക് പിന്നാലെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂന്നാം തരംഗത്തിന് ശേഷവും ഇവർ വീട്ടിൽ തുടരുകയായിരുന്നു. വീടിന് പുറത്തിറങ്ങിയതിന് പിന്നാലെ കുട്ടികൾ ആശ്വാസത്തോടെ ശ്വാസം വലിക്കുന്നത് കാണാനായെന്നാണ് രക്ഷാപ്രവർത്തനത്തിൽ നേതൃത്വം നൽകിയ പോലീസ് വിശദമാക്കുന്നത്. ഭക്ഷണ സാധനങ്ങൾ വാങ്ങാൻ പോലും വീട്ടിൽ നിന്ന് ആരും പുറത്തിറങ്ങിയിരുന്നില്ല. പ്ലാസ്റ്റിക്കും കൊറിയർ കവറുകളും നിറഞ്ഞ വീട്ടിൽ വളരെ മോശം സാഹചര്യത്തിലായിരുന്നു കുട്ടികൾ കഴിഞ്ഞിരുന്നത്. ചെറിയ കിടക്കയിൽ ലഭിച്ച ക്രെയോൺസുകൾകൊണ്ട് കുട്ടികൾ കുത്തി വരച്ച ചിത്രങ്ങൾ ഇവർ നേരിട്ട ഭീതി വിശദമാക്കുന്നതാണെന്നാണ് മാനസികാരോഗ്യ വിദഗ്ധർ വിശദമാക്കുന്നത്.പ്രദേശത്ത് വൈദ്യുതി നിലച്ച സമയത്താണ് പോലീസ് വീട്ടിൽ റെയ്ഡിനെത്തിയത്. എന്നാൽ പൊലീസ് സംഘം മാസ്ക് ധരിക്കാതെ വീടിന് അകത്ത് കയറ്റില്ലെന്നായിരുന്നു മാതാപിതാക്കളുടെ നിലപാട്.

വീടിന് പുറത്തേക്ക് മാസ്ക് ധരിച്ച് ഇറങ്ങിയ കുട്ടികൾ ആശ്വാസത്തോടെ മണ്ണിലിറങ്ങി പുല്ലിൽ തൊട്ട് നോക്കുന്നതായ വീഡിയോ ഇതിനോടകം സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. 53കാരനായ ജർമൻ സ്വദേശിയും 48കാരിയായ ജർമൻ അമേരിക്കൻ സ്വദേശിയുമാണ് ഇവരുടെ രക്ഷിതാക്കൾ. ഗാർഹിക പീഡനം, കുട്ടികളെ അലക്ഷ്യമായി കൈകാര്യം ചെയ്യൽ അടക്കമുള്ള വകുപ്പുകൾ ചുമത്തിയാണ് പോലീസ് ഇവരെ അറസ്റ്റ് ചെയ്തിട്ടുള്ളത്. കൊവിഡ് സിൻഡ്രോമെന്ന് മാനസിക അവസ്ഥയാണ് കുട്ടികളുടെ രക്ഷിതാക്കൾ നേരിടുന്നതെന്നാണ് പോലീസ് വിശദമാക്കുന്നത്. കുട്ടികൾ സ്കൂളിലേക്ക് പോവുന്നത് കാണാതെ വന്നതോടെയാണ് അയൽവാസികൾ വീട്ടുകാരേക്കുറിച്ചുള്ള സംശയം പോലീസിന് കൈമാറിയത്.

## ഗസ്സ വെടിനിർത്തൽ: പുതിയ കരാർ അവതരിപ്പിച്ച് ഹമാസ്, നിരസിച്ച് ഇസ്രായേൽ

ഗസ്സ സിറ്റി: ഗസ്സയിൽ പുതിയ വെടിനിർത്തൽ കരാർ അവതരിപ്പിച്ച് ഹമാസ്. സമഗ്രവും സന്തുലിതവുമായ ഒരു വെടിനിർത്തൽ കരാർ ഇസ്രായേലിന് മുമ്പാകെ അവതരിപ്പിച്ചു എന്ന് ഹമാസ് മുതിർന്ന ഉദ്യോഗസ്ഥനായ അബ്ദുൽ റഹ്മാൻ ഷദീദ് പറഞ്ഞു.

എന്നാൽ ഇസ്രായേൽ കരാർ നിരസിച്ചുവെന്നും ഷദീദ് ചൂണ്ടിക്കാട്ടി. ഗസ്സയിൽ ആക്രമണം വ്യാപിപ്പിക്കാൻ ഇസ്രായേൽ തയ്യാറെടുക്കുന്നുവെന്ന റിപ്പോർട്ടുകൾക്കിടെയാണ് പുതിയ സംഭവങ്ങൾ. ഗസ്സക്കെതിരായ ആക്രമണം സ്ഥിരമായി അവസാനിപ്പിക്കുക, ഇസ്രായേൽ അധിനിവേശ സേനയെ ഗസ്സ മുനമ്പിൽ നിന്ന് പൂർണ്ണമായും പിൻവലിക്കുക, ഉപരോധം പിൻവലിക്കുക, മാനുഷിക സഹായവും ദുരിതാശ്വാസവും എത്തിക്കുക, പുനർനിർമ്മാണ പ്രവർത്തനങ്ങൾ സജീകരിക്കുക എന്നിവയടങ്ങുന്ന ആവശ്യങ്ങളാണ് ഹമാസ് കരാറിലൂടെ മുന്നോട്ട് വെച്ചത്. നേരത്തെ തീരുമാനിച്ച അത്രയും പലസ്തീൻ തടവുകാരെ മോചിപ്പിക്കുന്നതിന് പകരമായി, എല്ലാ ഇസ്രായേലി തടവുകാരെയും ഒറ്റ ഘട്ടമായി മോചിപ്പിക്കുന്ന തടവുകാരുടെ കൈമാറ്റ കരാറും ഈ നിർദ്ദേശത്തിൽ ഉൾപ്പെടുന്നു. കൂടാതെ, അഞ്ച് വർഷം നീണ്ടുനിൽക്കുന്ന ദീർഘകാല വെടിനിർത്തലും ഗസ്സ മുനമ്പ് കൈകാര്യം ചെയ്യുന്നതിനായി ഒരു സ്വതന്ത്ര കമ്മിറ്റി രൂപീകരിക്കാനും കരാർ ആവശ്യപ്പെട്ടു. എന്നാൽ കഴിഞ്ഞ ആഴ്ചകളിൽ നിരവധി ഉദ്യോഗസ്ഥരുമായും മധ്യസ്ഥരുമായും ഔദ്യോഗിക കൂടിക്കാഴ്ചകൾ നടത്തി ഹമാസ് മുന്നോട്ട് വെച്ച കരാർ ഇസ്രായേൽ സർക്കാർ നിരസിച്ചുവെന്ന് ഷദീദ് പറഞ്ഞു. ഇസ്രായേൽ കരാർ സ്വീകരിക്കാൻ തയ്യാറായില്ല എന്ന് മാത്രമല്ല, യുദ്ധം അവസാനിപ്പിക്കാൻ പ്രതിജ്ഞാബദ്ധമല്ലെന്നും, സ്വന്തം തടവുകാരുടെ ജീവൻ പോലും പണയപ്പെടുത്തി പോലും അവർ മുന്നോട്ട് പോകാൻ തീരുമാനിച്ചുവെന്നും ഷദീദ് കൂട്ടിച്ചേർത്തു

## ഇമ്രാൻ ഖാൻ ജയിലിൽ വച്ച് ലൈംഗികാതിക്രമത്തിന് ഇരയായെന്ന് ആരോപണം; ഒപ്പം മെഡിക്കൽ റിപ്പോർട്ടും

പാകിസ്താൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ ജയിലിൽ വച്ച് ലൈംഗികാതിക്രമത്തിന് ഇരയായെന്ന തരത്തിലുള്ള രേഖകൾ പ്രചരിക്കുന്നു.

പാക് എമിറേറ്റ്സ് മിലിട്ടറി ആശുപത്രിയിൽ നിന്നുള്ള മെഡിക്കൽ റിപ്പോർട്ടാണ് എക്സിൽ വ്യാപകമായി പ്രചരിക്കുന്നത്. ലൈംഗികാതിക്രമം ആയതിനാൽ റാവൽപിണ്ടിയിലെ ജനറൽ ഹെഡ്ക്വാർട്ടേഴ്സിലേക്ക് അയച്ച റിപ്പോർട്ടാണിതെന്നാണ് അവകാശപ്പെടുന്നത്.എന്നാൽ സംഭവത്തിൽ പാകിസ്താന്റെ പ്രതികരണം ഇതുവരെ പുറത്ത് വന്നിട്ടില്ല.പാക് സൈന്യത്തിലെ ഒരു മേജർ ഇമ്രാൻ ഖാനെ ജയിലിൽ വെച്ച് ബലാത്സംഗം ചെയ്തു എന്നാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന പോസ്റ്റിന്റെ ഉള്ളടക്കം. പുരുഷന്മാർക്കെതിരായ ലൈംഗിക അതിക്രമങ്ങൾ പാക് ജയിലുകളിൽ സാധാരണമാണ്, ഇത് ഒരു വ്യക്തിയുടെ അന്തസ്സും ആത്മാഭിമാനവും തകർക്കാൻ ശ്രമിക്കുന്നു', എക്സ് പോസ്റ്റിൽ പറയുന്നു. പാക് ദിനപത്രമായ ഡോണിന്റെ വെബ്സൈറ്റിൽ നിന്നുള്ള വാർത്തയും മെഡിക്കൽ റിപ്പോർട്ടും ഇതിന്റെയൊപ്പം പങ്കുവച്ചിട്ടുണ്ട്.

മാർച്ചിൽ, ഇമ്രാൻ ഖാന്റെ ആരോഗ്യത്തെക്കുറിച്ച് ആശങ്കകൾ ഉയർന്നതിനെ തുടർന്ന് പ്രത്യേക മെഡിക്കൽ സംഘം അഡിയാല ജയിലിൽ എത്തി പരിശോധന നടത്തിയിരുന്നു. ഇമ്രാൻഖാനെ കാണാൻ തങ്ങളെ അനുവദിക്കുന്നില്ലെന്ന് ആരോപിച്ച് കുടുംബവും രംഗത്തെത്തിയിരുന്നു,

# പാകിസ്താൻ പരക്കംപായുന്നു; സൗദി , കുവൈത്ത്, യുഎഇ സഹായം തേടി

## പങ്കില്ലെന്ന് ഷഹബാസ്

ഇസ്ലാമാബാദ്: പഹൽഗാം ആക്രമണത്തിന് തിരിച്ചടിയായി ഇന്ത്യ ഏതുതരത്തിലുള്ള നീക്കം നടത്തുമെന്ന ആശങ്കയിലാണ് പാകിസ്താൻ. സമവായം കണ്ടെത്തുന്നതിന് പല രാജ്യങ്ങളെയും പാകിസ്താൻ സമീപിച്ചിട്ടുണ്ട്. അമേരിക്കയുടെ സഹായം അഭ്യർഥിച്ച പിന്നാലെ ജിസിസി രാജ്യങ്ങളെയും കണ്ടു. ഇന്ത്യയുമായി അടുത്ത സൗഹൃദമുള്ള ജിസിസി രാജ്യങ്ങൾ ഇടപെട്ടാൽ പരിഹാരമുണ്ടാകുമെന്ന പ്രതീക്ഷയിലാണ് പാകിസ്താൻ.

സൗദി അംബാസഡർ നവാഫ് ബിൻ സഈദ് അൽ മാലികി, യുഎഇ അംബാസഡർ ഹമദ് ഉബൈദ് അൽ സഅബി, കുവൈത്ത് അംബാസഡർ നാസിർ അബ്ദുറഹ്മാൻ ജാസിർ എന്നിവരുമായി പാകിസ്താൻ പ്രധാനമന്ത്രി ഷഹ്ബാസ് ഷരീഫ് പ്രത്യേകം കൂടിക്കാഴ്ച നടത്തി. പാകിസ്താൻ സമാധാനത്തിനാണ് ശ്രമിക്കുന്നതെന്ന് മൂന്ന് രാജ്യങ്ങളോടും ഷഹ്ബാസ് ഷരീഫ് പറഞ്ഞു.

കൂടുതൽ രാജ്യങ്ങളെ കൂടെ നിർത്താനാണ് പാകിസ്താന്റെ ശ്രമം. അന്താരാഷ്ട്ര വേദികളിൽ വിഷയം ചർച്ചയായാൽ പിൻബലം കിട്ടുകയാണ് ലക്ഷ്യം. ജിസിസി രാജ്യങ്ങളെയും റഷ്യയെയും ചൈനയെയും കൂടെ നിർത്താൻ പാകിസ്താൻ പ്രധാനമന്ത്രി നേരിട്ട് രംഗത്തിറങ്ങിയിരിക്കുകയാണ്. തുർക്കി പാകിസ്താന് അടുത്തിടെ യുദ്ധോപകരണങ്ങൾ വിതരണം ചെയ്തതും വാർത്തയായിരുന്നു. പഹൽഗാം ആക്രമണത്തിൽ പങ്കില്ല എന്നാണ് സൗദി, യുഎഇ, കുവൈത്ത് പ്രതിനിധികളുമായുള്ള ചർച്ചയിൽ ഷഹ്ബാസ് ഷരീഫ് പറഞ്ഞത്. തെളിവില്ലാതെയാണ് ഇന്ത്യ ആരോപണം ഉന്നയിക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ സുതാര്യമായ അന്വേഷണം വേണം. എല്ലാതരത്തിലുള്ള ഭീകരവാദത്തെയും പാകിസ്താൻ അപലപിക്കുന്നു എന്നും ഷഹ്ബാസ് ഷരീഫ് പറഞ്ഞു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് പാകിസ്താൻ. കഴിഞ്ഞ 15 മാസമായി ഈ പ്രതിസന്ധി മറികടക്കാനുള്ള ശ്രമങ്ങളിൽ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. സൗദി അറേബ്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ സഹായത്തോടെയാണ് സാമ്പത്തിക നില മെച്ചപ്പെടുത്താൻ ശ്രമിക്കുന്നത്. ഇതിന് തുരങ്കം വയ്ക്കുന്ന പ്രവർത്തനങ്ങൾ പാകിസ്താന്റെ ഭാഗത്തുനിന്നുണ്ടാകില്ലെന്നും ഷഹ്ബാസ് ഷരീഫ് പറഞ്ഞു.

മേഖലയിൽ സമാധാനം നിലനിർത്തുന്നതിന് ശ്രമിക്കുമെന്ന് സൗദി, യുഎഇ, കുവൈത്ത് അംബാസഡർമാർ പറഞ്ഞു. കഴിഞ്ഞ വ്യാഴാഴ്ച ചൈനീസ് അംബാസഡർ ജിയാങ് സെയ്ദോങ് പ്രധാനമന്ത്രി ഷഹ്ബാസ് ഷരീഫുമായി ചർച്ച നടത്തിയിരുന്നു. സംഘർഷം മൂർച്ചിക്കുന്നതിൽ ആശങ്ക പങ്കുവച്ച് സൗദിയും കുവൈത്തും ഖത്തറും രംഗത്തുവരികയും ചെയ്തിരുന്നു. പാകിസ്താൻ മന്ത്രിക്കും പണി കിട്ടി ഭീകരക്കെതിരെ പ്രവർത്തിക്കുമെന്ന് പറയുന്ന പാകിസ്താൻ പക്ഷേ, ഇന്ത്യക്കെതിരെ നീങ്ങുന്ന സംഘങ്ങളെ അടിച്ചമർത്തുന്നില്ല എന്നതാണ് വാസ്തവം. അതിന്റെ ഏറ്റവും ഒടുവിലെ ഉദാഹരണമാണ് പഹൽഗാം സംഭവം. ആക്രമണത്തിന് ശേഷം കടുത്ത നീക്കങ്ങൾ ഇന്ത്യ നടത്തി വരികയാണ്. പാകിസ്താന് ലഭിക്കുന്ന സാമ്പത്തിക സഹായം തടയണം എന്ന് ലോകബാങ്കിനോട് ഇന്ത്യ ആവശ്യപ്പെടും എന്നാണ് ഒടുവിൽ വരുന്ന റിപ്പോർട്ടുകൾ. പാകിസ്താന്റെ വിമാനങ്ങൾ ഇന്ത്യൻ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. പാകിസ്താൻ കേന്ദ്രമായി പ്രവർത്തിക്കുന്നവരുടെ യുട്യൂബ് ചാനലുകൾക്ക് ഇന്ത്യയിൽ നിരോധനം ഏർപ്പെടുത്തുകയും ചെയ്തു. പാകിസ്താൻ പൗരന്മാരോട് രാജ്യം വിടാനും ആവശ്യപ്പെട്ടു. നയതന്ത്ര ബന്ധം കുറയ്ക്കുകയും ചെയ്തു. സമാനമായ നടപടിയുമായി പാകിസ്താനും രംഗത്തുണ്ട്. ഇരുരാജ്യങ്ങളും അതിർത്തിയിൽ സേനാവിന്യാസം നടത്തുകയും ചെയ്തു. ശക്തമായ തിരിച്ചടി ഇന്ത്യയുടെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് പാകിസ്താൻ കരുതുന്നുണ്ട്. ഇതിൽ ആശങ്കപൂണ്ടാണ് മറ്റു രാജ്യങ്ങളെ സമീപിക്കുന്നത്. അതേസമയം, പാകിസ്താൻ വാർത്താ വിതരണ മന്ത്രി അതാഉല്ല തരാറിന്റെ സോഷ്യൽ മീഡിയ അക്കൗണ്ട് ഇനി മുതൽ ഇന്ത്യയിൽ പ്രവർത്തിക്കില്ല. ഇന്ത്യ ഉടൻ ആക്രമണം തുടങ്ങാൻ പോകുകയാണെന്ന് കഴിഞ്ഞ ദിവസം അർധരാത്രി മാധ്യമങ്ങളോട് പറഞ്ഞത് ഇദ്ദേഹമായിരുന്നു. നിയമപരമായ കാരണങ്ങളാൽ തടയപ്പെട്ടിരിക്കുന്നു എന്നാണ് ഇപ്പോൾ പാക് മന്ത്രിയുടെ എക്സ് അക്കൗണ്ടിൽ കാണിക്കുന്നത്.





# ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചു; അവകാശവാദവുമായി പാക്കിസ്ഥാൻ

ന്യൂഡൽഹി: ബാലസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ചെന്ന അവകാശവാദവുമായി പാക്കിസ്ഥാൻ. 'അബ്ദലി വെപ്പൺ സിസ്റ്റം' എന്ന മിസൈലാണ് പരീക്ഷിച്ചത്. 450 കിലോമീറ്റർ പ്രഹരശേഷിയുള്ളതാണ് മിസൈൽ എന്ന് പാക്കിസ്ഥാൻ വ്യക്തമാക്കി. പഹൽഗാം ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ പാക്കിസ്ഥാനെതിരെ കടുത്ത നടപടികൾ കൈക്കൊള്ളുന്നതിനിടയിലാണ് പാക്കിസ്ഥാൻ പ്രതികരണം. അതേസമയം മിസൈൽ പരീക്ഷിച്ച നടപടി പാക്കിസ്ഥാന്റെ പ്രകോപനമായിട്ടാണ് ഇന്ത്യ നിരീക്ഷിക്കുന്നത്.

സൈനികരുടെ പ്രവർത്തന സന്നദ്ധത ഉറപ്പാക്കുകയും മിസൈലിന്റെ ആധുനിക നൂതന ശേഷിയും സാങ്കേതികമായി മറ്റ് വശങ്ങളും പരീക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിക്ഷേപണം', പാക്കിസ്ഥാൻ സർക്കാർ പ്രസ്താവനയിൽ പറഞ്ഞു. ദേശീയ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സേനയുടെ പ്രവർത്തന മികവിൽ സാങ്കേതിക വൈദഗ്ധ്യത്തിലും പൂർണ ആത്മവിശ്വാസം ഉണ്ടെന്ന് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് പറഞ്ഞതായും പ്രസ്താവനയിൽ പറഞ്ഞു.

പഹൽഗാം ആക്രമണത്തിൽ പാക്കിസ്ഥാനെതിരെ നടപടികൾ കൂടുതൽ തീവ്രമാക്കുകയാണ് ഇന്ത്യ. ആദ്യ തിരച്ചടി എന്ന നിലയിൽ വർഷങ്ങളായുള്ള സിന്ധു നദീ ജല കരാർ ഇന്ത്യ റദ്ദ് ചെയ്യുകയായിരുന്നു. തുടർന്ന് പാക് പൗരൻമാരേയും പ്രതിരോധ ഉദ്യോഗസ്ഥരേയും രാജ്യത്ത് നിന്ന് പുറത്താക്കി.പാക്കിസ്ഥാന് സാമ്പത്തിക സഹായങ്ങൾ നൽകുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ലോക ബാങ്കിനേയും ഐ എം എഫിനേയും സമീപിക്കാനൊരുങ്ങുകയാണ് ഇന്ത്യ. എഫ് ടി എഫിനോട് പാകിസ്ഥാനെ വീണ്ടും ഗ്രേ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും ഇന്ത്യ ഉയർത്തും.

അതേസമയം ഇന്ത്യൻ നടപടികൾക്ക് പിന്നാലെ നിയന്ത്രണ രേഖയിൽ വെടിനിർത്തൽ കരാർ ലംഘിച്ച് പ്രകോപനം തുടരുകയാണ് പാക്കിസ്ഥാൻ. ഇതിനെതിരെ തിരിച്ചടിച്ചതായും ഇന്ത്യ വ്യക്തമാക്കിയിരുന്നു. പഹൽഗാമിന് ശക്തമായ തിരിച്ചടി ഇന്ത്യയുടെ ഭാഗത്ത് നിന്ന് ഏത് നിമിഷവും പാക്കിസ്ഥാൻ പ്രതീക്ഷിക്കുന്നുണ്ട്. അടുത്ത 36 മണിക്കൂറിനുള്ളിൽ വലിയൊരു ആക്രമണം ഇന്ത്യയിൽ നിന്ന് ഉണ്ടാകുമെന്ന് വിവരം ലഭിച്ചുവെന്നാണ് കഴിഞ്ഞ ദിവസം പാക് മന്ത്രി അതൗള്ള താര പറഞ്ഞത്. എന്നാൽ 72 മണിക്കൂർ പിന്നിട്ടിട്ടും അത്തരത്തിലുള്ള നടപടികളൊന്നും ഇന്ത്യയിൽ നിന്നും ഉണ്ടായിട്ടില്ല.

ഇക്കഴിഞ്ഞ ഏപ്രിൽ 22നാണ് രാജ്യത്തെ ഞെട്ടിച്ച് കൊണ്ട് പഹൽഗാമിൽ വിനോദസഞ്ചാരികൾക്ക് നേരെ ഭീകരാക്രമണം നടന്നത്. 26 പേരാണ് ആക്രമണത്തിൽ കൊല്ലപ്പെട്ടത്. 7 ഭീകരരുടെ നേതൃത്വത്തിലായിരുന്നു ആക്രമണം. ഇതുവരേയും ഭീകരരെ കുറിച്ച് യാതൊരു വിവരവും സൈന്യത്തിന് ലഭിച്ചിട്ടില്ല. ഭീകരരെ കുറിച്ച് വിവരം നൽകുന്നവർക്ക് 20 ലക്ഷം പാരിതോഷികം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.



# പാക് അധീന കശ്മീരിൽ ആയിരത്തിലധികം മദ്രസകൾ പൂട്ടി, ജനങ്ങളെ ക്യാപുകളിലാക്കി പാകിസ്ഥാൻ; യുദ്ധം നേരിടാൻ പരിശീലനം

ന്യൂഡൽഹി: പാക് അധീന കശ്മീരിലെ ജനങ്ങൾക്ക് യുദ്ധ സാഹചര്യം നേരിടാൻ പാകിസ്ഥാൻ സൈന്യം പരിശീലനം നൽകുന്നതായി റിപ്പോർട്ട്. മേഖലയിൽ ആയിരത്തിലധികം മദ്രസകൾ അടച്ചുപൂട്ടി. ജനങ്ങളെ സ്കൂളുകളിലെ ക്യാംപുകളിലേക്ക് മാറ്റിയാണ് പരിശീലനം നൽകുന്നത്. അതിനിടെ കരയിൽ നിന്ന് കരയിലേക്ക് തൊടുക്കാവുന്ന ബാലിസ്റ്റിക് മിസൈൻ പരീക്ഷണത്തിന് പാകിസ്ഥാൻ തയ്യാറെടുക്കുന്നതായും കേന്ദ്ര സർക്കാരിന് വിവരം ലഭിച്ചു. ഇത് പ്രകോപനമായി കണക്കാക്കുമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. അതേസമയം പാകിസ്ഥാനുള്ള ധനസഹായം നിർത്തണമെന്ന് ലോകബാങ്കിനോടും ഐഎംഎഫിനോടും ആവശ്യപ്പെടാനും ഇന്ത്യ തീരുമാനിച്ചു.

ഇന്ത്യയുടെ ഭാഗത്ത് നിന്ന് ഏത് വിധേനെയും ആക്രമണത്തിനുള്ള സാധ്യത കണക്കുകൂട്ടിയാണ് പാകിസ്ഥാൻ മുന്നൊരുക്കങ്ങൾ നടത്തുന്നത്. അതിർത്തിയിലേക്ക് സൈനിക ഉപകരണങ്ങളെത്തിച്ച്, സേനാ വിന്യാസം കൂട്ടിയ ശേഷമാണ് പാക് അധീന കശ്മീരിൽ ജനത്തിന് പരിശീലനം നൽകുന്നത്. ഇന്ത്യയുടെ ഭാഗത്ത് നിന്ന് ആക്രമണമുണ്ടായാൽ ജാഗ്രതയോടെ പെരുമാറേണ്ടത് എങ്ങനെയെന്നാണ് വിശദീകരിക്കുന്നത്. പ്രാഥമിക ചികിത്സ നൽകേണ്ടത് എങ്ങനെയെന്നും വിശദീകരിക്കുന്നുണ്ട്. ഒപ്പം ഗ്രാമീണരോട് രണ്ട് മാസത്തെ ഭക്ഷണം കരുതി വെക്കാനും പാക് സേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെല്ലാം പുറമെയാണ് കരയിൽ നിന്ന് കരയിലേക്ക് തൊടുക്കുന്ന ബാലിസ്റ്റിക്ക് മിസൈൽ പരീക്ഷണത്തിനും പാകിസ്ഥാൻ തയ്യാറെടുക്കുന്നത്. അടുത്തയാഴ്ചയോടെ പരീക്ഷണം നടക്കുമെന്നാണ് ഇന്ത്യക്ക് ലഭിച്ചിരിക്കുന്ന സൂചന. ഈ നീക്കം പ്രകോപനമായി ഇന്ത്യ കണക്കാക്കും.



അതിനിടെ ഇന്ത്യൻ വ്യോമസേന അതിർത്തി ലംഘിച്ചുവെന്ന പാക് മാധ്യമങ്ങളിലെ വാർത്ത വ്യാജമെന്ന് കേന്ദ്രസർക്കാർ വൃത്തങ്ങൾ പറയുന്നു. ഇന്ത്യയുടെ റഫാൽ വിമാനങ്ങൾ അതിർത്തി ലംഘിച്ചെന്നും പാക് വ്യോമസേന നേരിടാൻ തുടങ്ങിയപ്പോൾ മടങ്ങിയെന്നുമാണ് പാക് മാധ്യമങ്ങളിലെ പ്രചാരണം.

ഭയം കൊണ്ട് പാകിസ്ഥാൻ കള്ളപ്രചാരണം നടത്തുന്നുവെന്നാണ് കേന്ദ്ര സർക്കാർ വൃത്തങ്ങൾ പറയുന്നത്. പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിക്കാൻ ഇന്ത്യൻ സേനകൾക്ക് പ്രധാനമന്ത്രി പൂർണ്ണ സ്വാതന്ത്ര്യം നൽകിയ സാഹചര്യത്തിൽ പാകിസ്ഥാൻ അതിർത്തിയിലേക്ക് കൂടുതൽ സൈനികരെയും ഉപകരണങ്ങളും എത്തിച്ചിരുന്നു. പാക് കരസേന മേധാവി അസിം മുനീർ കഴിഞ്ഞ ദിവസം പാക് അധീന കശ്മീരിൽ എത്തിയിരുന്നു.




# ‘കമ്മ്യൂണിസ്റ്റ് രാജവംശത്തിലെ മരുമകന് പ്രശ്നമെങ്കിൽ ഡോക്ടറെ കാണട്ടെ’ : രാജീവ് ചന്ദ്രശേഖർ

ആലപ്പുഴ: വിഴിഞ്ഞം വേദിയിലെ വിവാദങ്ങൾക്ക് മറുപടിയുമായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. മുഹമ്മദ് റിയാസിനെ പരോക്ഷമായി പരിഹസിച്ച് കൊണ്ടാണ് രാജീവ് ചന്ദ്രശേഖറിന്റെ മറുപടി. താൻ നേരത്തെ വേദിയിൽ എത്തിയത് പ്രവർത്തകരെ കാണാനാണ്. അതിൽ കമ്മ്യൂണിസ്റ്റ് രാജവംശത്തിലെ മരുമകന് പ്രശ്നമുണ്ടെങ്കിൽ ഡോക്ടറെ കാണട്ടെ എന്നായിരുന്നു രാജീവ് ചന്ദ്രശേഖറിന്റെ പരിഹാസം. എത്ര വേണമെങ്കിലും ട്രോളിക്കോളൂ, ഈ ട്രെയിൻ വിട്ടു കഴിഞ്ഞു. മരുമകന് വേണമെങ്കിൽ ഈ ട്രെയിനിൽ കയറാമെന്നും രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

കേരളത്തിൽ മാറ്റം വരുത്താൻ ബിജെപിക്കേ കഴിയൂ. ബിജെപിയെ അധികാരത്തിൽ എത്തിച്ചിട്ടേ ഞാൻ ഇവിടെ നിന്ന് പോകൂവെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വിഴിഞ്ഞം ഇന്ത്യയ്ക്ക് വേണ്ടിയുള്ള പ്രോജക്റ്റാണ്. ചില രാജവംശത്തിലെ മരുമകന് ചില പ്രശ്നങ്ങളുണ്ട്. വേദിയിൽ നേരത്തെ വന്നത് കാണുമ്പോൾ കമ്മ്യൂണിസ്റ്റ് രാജവംശത്തിലെ മരുമകന് പ്രശ്നമായി. മരുമകൻ ഡോക്ടറെ കാണട്ടെ എന്നും രാജീവ് ചന്ദ്രശേഖർ പരിഹസിച്ചു. സിപിഎമ്മുകാർ മുഴുവൻ ട്രോളുകയാണ്. വിഴിഞ്ഞം തുറമുഖം സാക്ഷാൽക്കരിക്കാൻ കാരണം നരേന്ദ്രമോദിയാണ്. അവർക്ക് ഇനി എന്തുമാത്രം സങ്കടപ്പെടാൻ ഇരിക്കുന്നു. എന്നെ എത്ര വേണമെങ്കിലും ട്രോളിക്കോളൂ. ഈ ട്രെയിൻ വിട്ടു കഴിഞ്ഞു.

ആർക്ക് വേണമെങ്കിലും ട്രെയിനിൽ കയറാം . മരുമകന് വേണമെങ്കിലും ഈ ട്രെയിനിൽ കയറാമെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. താൻ നേരത്തെ വേദിയിൽ എത്തിയതാണ് ചിലർക്ക് വിഷമം. പ്രവർത്തകർ നേരത്തെ വരും. അവരെ കാണാനാണ് താൻ നേരത്തെ എത്തിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# രേഖകളില്ലാതെ പണം കടത്താൻ ശ്രമം കോഴിക്കോട്ട് കർണാടക സ്വദേശികൾ പിടിയിൽ

കോഴിക്കോട്: കൊടുവള്ളി എളേറ്റിൽ രേഖകളില്ലാതെ പണം കടത്താൻ ശ്രമിച്ച കർണാടക സ്വദേശികൾ പിടിയിൽ. കർണാടക സ്വദേശികളായ രാഘവേന്ദ്ര, നിജിൻ അഹമ്മദ് എന്നിവരിൽ നിന്നും 4 കോടിയോളം രൂപയാണ് പിടികൂടിയത്. കാറിലൂടെയാണ് ഇവർ പണം കടത്താൻ ശ്രമിച്ചത്.

കാറിന്റെ രഹസ്യ അറയിലായിരുന്നു പണം സൂക്ഷിച്ചിരുന്നത്. അന്വേഷണം പുരോഗമിക്കുകയാണെന്ന് പൊലീസ് വ്യക്തമാക്കി. പ്രതികളെ ചോദ്യം ചെയ്തതിനു ശേഷമെ കൂടുതൽ വിവരങ്ങൾ അറിയാനാകൂവെന്ന് പൊലീസ് അറിയിച്ചു.

# കണ്ണൂരിൽ വിവാഹ ദിവസം വീട്ടിൽ നിന്നും 30 പവൻ സ്വർണം മോഷണം പോയതായി പരാതി

കണ്ണൂർ: കരിവള്ളൂരിൽ വിവാഹദിവസം വീട്ടിൽ നിന്നും 30 പവൻ സ്വർണം മോഷണം പോയതായി പരാതി. കൊല്ലം സ്വദേശി ആർച്ച എസ്. സുധിയുടെ സ്വർണമാണ് കവർന്നത്. മേയ് ഒന്നിനായിരുന്നു വിവാഹം.

വൈകുന്നേരത്തെ ചടങ്ങുകൾക്ക് ശേഷം സ്വർണാഭരണങ്ങൾ അലമാരിയിൽ അഴിച്ചുവച്ചിരുന്നുവെന്ന് ആർച്ച പറയുന്നു. തുടർന്ന് വെള്ളിയാഴ്ച നോക്കുമ്പോഴാണ് ആഭരണങ്ങൾ മോഷണം പോയ വിവരം അറിയുന്നത്. തുടർന്ന് പൊലീസിൽ വിവരമറിയിക്കുകയായിരുന്നു.

പയ്യന്നൂർ പൊലീസ് അന്വേഷണം ആരംഭിച്ചു. സംഭവസ്ഥലത്ത് വിശദമായ പരിശോധന നടത്തി. കുടുംബവുമായി അടുപ്പമുള്ള ആരെങ്കലുമാവാം മോഷണം നടത്തിയതെന്നാണ് പൊലീസ് നിഗമനം.

# മലപ്പുറത്ത് തലയിലേക്ക് ചക്ക വീണ് 9 വയസുകാരി മരിച്ചു

മലപ്പുറം: മലപ്പുറം കോട്ടക്കലിൽ ചക്ക തലയിൽ വീണ് 9 വയസുകാരി മരിച്ചു. ചങ്കുവെട്ടി സ്വദേശി കുഞ്ഞലവിയുടെ മകൾ ആയിശ തസ്നിയാണ് മരിച്ചത്.

ശനിയാഴ്ച രാവിലെ 9.30 ഓടെയായിരുന്നു അപകടം. വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കെ കുട്ടിയുടെ തലയിലേക്ക് ചക്ക വീഴുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

# ലിസ്റ്റിന്റെ സ്ഥാപനത്തിലെ മാനേജർ ദളിത് പെൺകുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കി; അഡ്വ. ശ്രീജിത്ത് പെരുമന

കോഴിക്കോട്: നിർമാതാവ് ലിസ്റ്റിൻ സ്റ്റീഫനെതിരെ അഭിഭാഷകൻ ശ്രീജിത്ത് പെരുമന. ലിസ്റ്റിൻ സ്റ്റീഫന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ദളിത് പെൺകുട്ടിയെ അവിടത്തെ മാനേജർ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ച് ഗർഭിണിയാക്കിയെന്നും പൊലീസിൽ പരാതി നൽകിയിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാനോ അന്വേഷിക്കാനോ തയ്യാറാകുന്നില്ല എന്നും ശ്രീജിത്ത് പെരുമന പറയുന്നു.

ഫേസ്ബുക്ക് പോസ്റ്റിലാണ് അദ്ദേഹത്തിന്റെ പ്രതികരണം. എഫ്ഐആറിന്റെ പകർപ്പും ശ്രീജിത്ത് പങ്ക് വെച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ലിസ്റ്റിൻ സ്റ്റീഫനെ നേരിട്ട് വിളിച്ച് അറിയിച്ചപ്പോൾ അങ്ങനെയൊരു സംഭവം അറിഞ്ഞിട്ടില്ല അന്വേഷിക്കട്ടെ എന്ന മറുപടിയാണ് കിട്ടിയത് എന്നും ശ്രീജിത്ത് പെരുമന പറയുന്നു. സിനിമാ പ്രവർത്തകരായ എൻഎം ബാദുഷ, നാദിർഷ എന്നിവരോടും ഇക്കാര്യം പറഞ്ഞിട്ടും പ്രതികരിച്ചില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജനറൽ മാനേജറും അയാളുടെ ഭാര്യയും ഉൾപ്പെടെ ഭീഷണിപ്പെടുത്തി ഗർഭഛിദ്രം നടത്തിയെന്നും പരാതിക്കാരി പറയുന്നുണ്ട്. ഒന്നും അറിഞ്ഞില്ല എന്ന് ലിസ്റ്റിൻ പറഞ്ഞെങ്കിലും ലിസ്റ്റിന്റെ സ്ഥാപനം മാനേജറെ പുറത്താക്കി എന്ന് കാണിച്ചു പൊലീസിന് കത്ത് നൽകിയിട്ടുണ്ട് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്ഥാപന ഉടമ അറിയാതെ എങ്ങനെയാണ് മാനേജറെ പുറത്താക്കിയത് എന്നും ശ്രീജിത്ത് ചോദിക്കുന്നു.

# വിഴിഞ്ഞം തുറമുഖ ഉദ്ഘാടന ചടങ്ങിൽഉമ്മൻ ചാണ്ടിയുടെ പേര് പരാമർശിക്കാത്തതിൽ ലജ്ജ തോന്നുന്നു; ശശി തരൂർ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ ഉദ്ഘാടന ചടങ്ങിൽ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ പേര് പരാമർശിക്കാത്തതിനെതിരെ ആഞ്ഞടിച്ച് ശശി തരൂർ എംപി രംഗത്ത്. ഉമ്മൻ ചാണ്ടിയുടെ ശ്രദ്ധേയമായ സംഭാവനകളെ അനുസ്മരിക്കുന്നുവെന്നും ഔദ്യോഗിക പ്രഭാഷകരിൽ ആരും അദ്ദേഹത്തിന്റെ പേര് പോലും പരാമർശിക്കാത്തതിൽ ലജ്ജിക്കുന്നുവെന്നും ശശി തരൂർ തന്റെ ഫേസ്ബുക്കിൽ പങ്കുവച്ച കുറിപ്പിൽ പറയുന്നു.



നേരത്തെ വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനത്തിന് പിന്നാലെ ഉമ്മൻ ചാണ്ടിയുടെ പേര് പരാമർശിക്കാത്തതിൽ രൂക്ഷമായ വിമർശനമാണ് കോൺഗ്രസ് ഉയർത്തിയത്. പദ്ധതിക്ക് തറക്കല്ലിട്ടത് ഉമ്മൻ ചാണ്ടി ആണെന്നും അദ്ദേഹമാണ് ഇതിന്റെ കാരണക്കാരനെന്നും വിവിധ കോൺഗ്രസ് നേതാക്കൾ ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന് പിന്നാലെയാണ് ശശി തരൂരും വിഷയം പറഞ്ഞു കൊണ്ട് രംഗത്ത് വന്നിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖത്തിന്റെ ഔദ്യോഗിക കമ്മീഷൻ ചെയ്ത ഈ ദിവസത്തിൽ ഈ പദ്ധതിക്ക് നേതൃത്വം നൽകിയ, യഥാർത്ഥ കമ്മീഷനിംഗ് കരാറിൽ ഒപ്പുവെച്ച്, ഇന്ന് നമ്മൾ ആഘോഷിച്ച പ്രവൃത്തികൾക്ക് തുടക്കമിട്ട, അന്തരിച്ച കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ ശ്രദ്ധേയമായ സംഭാവനകളെ അനുസ്മരിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു’ തരൂർ പറഞ്ഞു.

ഔദ്യോഗിക പ്രഭാഷകരിൽ ആരും അദ്ദേഹത്തിന്റെ പേര് പോലും പരാമർശിക്കാത്തതിൽ ലജ്ജിക്കുന്നു അദ്ദേഹത്തിന്റെ സംഭവനകളെക്കുറിച്ച് സംസാരിക്കാൻ ഉദ്ദേശിച്ചിരുന്ന എനിക്കാണെങ്കിൽ സംസാരിക്കാൻ അവസരം ലഭിച്ചതുമില്ല’ എന്നും തിരുവനന്തപുരം എംപി കൂടിയായ ശശി തരൂർ തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ ആരോപിച്ചു.

എന്നാൽ പോസ്റ്റ് പങ്കുവച്ചതിന് പിന്നാലെ നിരവധി പേരാണ് തരൂരിനെ പരിഹസിച്ചു കൊണ്ടിരിക്കുന്നത്. ഇത്രയും വൈകിയ വേളയിൽ എന്തിനായിരുന്നു ഈ പോസ്റ്റ് എന്നായിരുന്നു പലരുടെയും ചോദ്യം. ബിജെപി നേതാക്കൾ ഉറങ്ങിയതിന് ശേഷം പോസ്റ്റിടാമെന്നായിരുന്നു ധാരണ എന്നാണ് ഒരാൾ തരൂരിന്റെ പോസ്റ്റിന് താഴെ നൽകിയിരിക്കുന്നത് കമന്റ് , പശുവും ചത്തു മോരിലെ പുളിയും പോയി എന്നാണ് മറ്റൊരാൾ കമന്റിട്ടത്.

പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഉൾപ്പെടെ ഉദ്ഘാടന ചടങ്ങിന് മുന്നോടിയായി ഉമ്മൻ ചാണ്ടിയെ അനുസ്മരിച്ചിരുന്നു. ’ഉമ്മൻ ചാണ്ടി ഇന്നില്ല. മായ്ച്ചാലും മായാത്ത ചരിത്രമായി ഉമ്മൻ ചാണ്ടി ജനഹൃദയങ്ങളിൽ ജീവിക്കുന്നു. ചരിത്രത്തെ ബോധപൂർവം മറക്കുകയും തിരുത്തി എഴുതാൻ ശ്രമിക്കുകയും ചെയ്യുന്നവർ ഉമ്മൻ ചാണ്ടിയുടെ ഓർമ്മകളെ പോലും ഭയപ്പെടുന്നവരാണ്. വിഴിഞ്ഞം തുറമുഖത്തിന് എല്ലാ ആശംസകളും നേരുന്നു’ എന്നായിരുന്നു സതീശൻ സമൂഹ മാധ്യമത്തിൽ പങ്കുവച്ച കുറിപ്പിൽ പറയുന്നത്.

അതേസമയം, വിഴിഞ്ഞം തുറമുഖത്തിന്റെ ഉദ്ഘാടനം ഇന്നലെയാണ് നടന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് തുറമുഖം രാജ്യത്തിന് സമർപ്പിച്ചത്. മുഖ്യമന്ത്രിയുടെയും ഗൗതം അദാനിയുടെയും മറ്റ് ജനപ്രനിധികളുടെയും സാന്നിധ്യത്തിലായിരുന്നു കമ്മീഷനിംഗ് നടന്നത്. പോർട്ട് ഓപ്പറേഷൻ സെന്റർ നടന്നുകണ്ട ശേഷം 11 മണിയോടെയാണ് പ്രധാനമന്ത്രി മോദി ഉദ്ഘാടന വേദിയിൽ എത്തിയത്.

സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിലെ നാഴിക കല്ല് തന്നെയാണ് തുറമുഖം. ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമാണ് വഴിഞ്ഞത്തുള്ളത്. മദർഷിപ്പുകൾ അടുപ്പിക്കാൻ അനുയോജ്യമായ പ്രധാന തുറമുഖമാണ് വിഴിഞ്ഞത്തുള്ളത്. വരുമാനത്തിലും അന്താരാഷ്ട്ര വാണിജ്യ കാര്യത്തിലും ഒക്കെ വിഴിഞ്ഞം മുന്നേറ്റം ഉണ്ടാക്കുമെന്നാണ് വിലയിരുത്തൽ.

അതിനിടയിലാണ് തുറമുഖത്തിന്റെ യഥാർത്ഥ സൃഷ്ടാവ് ആരെന്ന കാര്യത്തിൽ ചർച്ചകൾ നടക്കുന്നത്. ഉമ്മൻചാണ്ടിയാണ് ഇതിന് കാരണക്കാരൻ എന്ന നിലയിലാണ് കോൺഗ്രസ് നേതാക്കൾ കഴിഞ്ഞ ദിവസങ്ങളിൽ നിലപാട് വ്യക്തമാക്കിയത്. എന്നാൽ നായനാർ സർക്കാരിന്റെ കാലത്താണ് പദ്ധതിയുടെ തുടക്കമെന്നാണ് സിപിഎം പറയുന്നത്. മറുവശത്ത് കേന്ദ്ര സർക്കാരും അവകാശവാദങ്ങളുമായി രംഗത്തുണ്ട്.

# ഷാരോൺ വധക്കേസ്; പ്രതി ഗ്രീഷ്മക്ക് വധശിക്ഷ വിധിച്ച ജസ്ജി എ എം ബഷീറിന് സ്ഥലംമാറ്റം

തിരുവനന്തപുരം: പാറശ്ശാല ഷാരോൺ വധക്കേസിലെ മുഖ്യപ്രതി ഗ്രീഷ്മക്ക് വധശിക്ഷ വിധിച്ച ജസ്ജി എ എം ബഷീറിന് സ്ഥലംമാറ്റം. ആലപ്പുഴ എം എ സി ടി (മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ) കോടതിയിലേക്കാണ് സ്ഥലംമാറ്റം. നെയ്യാറ്റിൻകര അഡീഷനൽ സെഷൻസ് ജഡ്ജിയായിരിക്കെ രണ്ട് കൊലകേസുകളിലായി നാല് പേരെ എ എം ബഷീർ വധശിക്ഷക്ക് വിധിച്ചിരുന്നു. സാധാരണ രീതിയുള്ള സ്ഥലംമാറ്റമാണിത്.



ഗ്രീഷ്മക്ക് തൂക്കുകയർ വിധിച്ച് മാധ്യമ ശ്രദ്ധ നേടിയ നെയ്യാറ്റിൻകര ജില്ല അഡീഷനൽ സെഷൻസ് കോടതി ജഡ്ജി എ എം ബഷീർ, എട്ട് മാസത്തിനിടെ നാല് കുറ്റവാളിക്കാണ് വധശിക്ഷ വിധിച്ചത്. 2024 മേയിൽ വിഴിഞ്ഞം മുല്ലൂർ ശാന്തകുമാരി വധക്കേസിലാണ് എ എം ബഷീർ ഇതിനുമുമ്പ് വധശിക്ഷ വിധിച്ചത്. ഒരു സ്ത്രീയും മകനുമടക്കം മൂന്ന് പേർക്കാണ് അന്ന് തൂക്കുകയർ വിധിച്ചത്. ഗ്രീഷ്മക്ക് കൂടി തൂക്കുകയർ വിധിച്ചതോടെ വധശിക്ഷ കാത്ത് കേരളത്തിലെ ജയിലിൽ കഴിയുന്ന രണ്ട് സ്ത്രീകൾക്കും ശിക്ഷ വിധിച്ചത് ഒരേ ന്യായാധിപനെന്ന പ്രത്യേകതയുമുണ്ട് എ എം ബഷീറിന്.

ന്യായാധിപൻ എന്നതിനപ്പുറം സാഹിത്യകാരനെന്ന നിലയിലും പ്രശസ്തനാണ് എ എം ബഷീർ. കോഴിക്കോട് സർക്കാർ ലോ കോളജിൽ വിദ്യാർത്ഥിയായിരിക്കെ, രചിച്ച ഒരു പോരാളി ജനിക്കുന്നു ആണ് അദ്ദേഹത്തിന്റെ ആദ്യകഥാസമാഹാരം. ഉറുപ്പ (നോവൽ), റയട്ട് വിഡോസ് (ഇംഗ്ലീഷ് നോവൽ), പച്ച മനുഷ്യൻ (നോവൽ), ജംറ (സഞ്ചാര സാഹിത്യം), ജെ കേസ് (ഇംഗ്ലീഷ് കേസ് സ്റ്റഡി) എന്നീ കൃതികളുടെയും രചയിതാവാണ് എ എം ബഷീർ.

# 33 കാരിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ ബിഹാർ സ്വദേശികളടക്കം മൂന്നുപേർ കസ്റ്റഡിയിൽ


തലശേരി: തലശേരി റെയിൽവെസ്റ്റേഷൻ പരിസരത്ത് 33 കാരിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ ബിഹാർ സ്വദേശികളടക്കം മൂന്നുപേർ കസ്റ്റഡിയിൽ. മുഴപ്പിലങ്ങാട് മഠത്തിനടുത്ത ശ്രീജ ഹൗസിൽ പ്രജിത്ത് (30), ബിഹാർ സ്വദേശികളായ ദുർഗാപുരിലെ ആസിഫ് (19), പ്രാൻപുർ കതിഹാറിലെ സഹബുൾ (24) എന്നിവരെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. ഇവരെ ചോദ്യംചെയ്തുവരികയാണ്. ഏപ്രിൽ 26ന് രാത്രി ഏഴു മണിയോടെയാണ് യുവതിയെ സംഘം ചേർന്ന് ആക്രമിച്ചത്. അവശനിലയിലായ യുവതി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സതേടി. യുവതി തനിക്ക് നേരിട്ട ദുരനുഭവം ഡോക്ടർമാരെ അറിയിച്ചതിനെ തുടർന്ന് മെഡിക്കൽ കോളേജ് അധികൃതരാണ് പൊലീസിന് വിവരം നൽകിയത്. സമീപത്തെ സിസിടിവി ദൃശ്യങ്ങളടക്കം പരിശോധിച്ചാണ് മൂന്നുപേരെ കസ്റ്റഡിയിലെടുത്തത്. പ്രതികൾ കുറ്റസമ്മതം നടത്തിയിട്ടുണ്ട്.

തലശേരി റെയിൽവെ സ്റ്റേഷനിൽ നിന്ന് പുതിയബസ്സ്റ്റാന്റിലേക്കുള്ള എളുപ്പ വഴിയിലെ റെയിൽവെ മേൽപാലത്തിനടുത്ത് വെച്ചായിരുന്നു ആദ്യത്തെ പീഡനം. പിന്നീട് ബലമായി മേലൂട്ട്മേൽപാലം ഭാഗത്തേക്ക് കൊണ്ടുപോയി. യുവതിയെ എരഞ്ഞോളി മഹിളമന്ദിരത്തിലേക്ക് മാറ്റി. എഎസ്പി പിബി കിരണിന്റെ നേതൃത്വത്തിലാണ് അന്വേഷണം

# വിദേശ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് ഡോ. കാർത്തിക ഒരാളിൽ നിന്ന് ഈടാക്കിയത് 8 ലക്ഷം വരെ

കൊച്ചി: വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് ഉദ്യോഗാർത്ഥികളിൽ നിന്നും പണം തട്ടിയെന്ന പരാതിയിൽ കസ്റ്റഡിയിലെടുത്ത ഡോ. കാർത്തിക പ്രദീപിന്റെ അറസ്റ്റ് രേഖപ്പെടുത്തി. കഴിഞ്ഞ ദിവസമാണ് തൃശൂർ സ്വദേശിനിയുടെ പരാതിയിൽ കൊച്ചി സെൻട്രൽ പൊലീസ് ടേക്ക് ഓഫ് ഓവർസീസ് എജ്യൂക്കേഷണൽ കൺസൽട്ടൻസി സിഇഒ കാർത്തിക പ്രദീപിനെ കസ്റ്റഡിയിലെടുത്തത്. പത്തനംതിട്ട സ്വദേശിനിയായ കാർത്തിക വിദേശത്ത് ജോലി ചെയ്ത് 5.23 ലക്ഷം രൂപ തട്ടിയെടുത്തെന്നായിരുന്നു തൃശൂർ സ്വദേശിനിയുടെ പരാതി.

കാർത്തികയ്ക്കെതിരെ നിലവിൽ 7 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടക്കുകയാണെന്നും കൊച്ചി സെൻട്രൽ സ്റ്റേഷൻ ഹൌസ് ഓഫീസർ അനീഷ് ജോൺ വ്യക്തമാക്കി. മൂന്ന് ലക്ഷം രൂപ മുതൽ എട്ട് ലക്ഷം വരെയാണ് ജോലി വാഗ്ദാനം ചെയ്ത് കാർത്തിക ഉദ്യാഗാർത്ഥികളിൽ നിന്നും കൈക്കലാക്കിയത്. കഴിഞ്ഞ വർഷം ഓഗസ്റ്റ് മുതൽ ആണ് യുവതി തട്ടിപ്പ് ആരംഭിച്ചത്. ടേക്ക് ഓഫ് ഓവർസീസ് എജ്യൂക്കേഷണൽ എന്ന ജോബ് കൺസൾട്ടൻസി ഏജൻസിയുടെ പേരിലായിരുന്നു തട്ടിപ്പ്. പരാതിക്കാരിയായ തൃശൂർ സ്വദേശിനിയിൽ നിന്നും ഓൺലൈനായും അല്ലാതെയുമായാണ് 5.23 ലക്ഷം രൂപ കൈക്കലാക്കിയതെന്നും പൊലീസ് അറിയിച്ചു. തനിക്കെതിരെ കേസെടുത്തതറിഞ്ഞ് കാർത്തിക കൊച്ചിയിലെ ഓഫീസ് പൂട്ടി കോഴിക്കോടേക്ക് മുങ്ങി. കോഴിക്കോട് ഒളിവിലിരിക്കെയാണ് കൊച്ചി സെൻട്രൽ പൊലീസിന്റെ പിടിയിലാവുന്നതെന്നും പൊലീസ് വ്യക്തമാക്കി. പത്തനംതിട്ട സ്വദേശിനിയായ കാർത്തിക തൃശൂരിലാണ് താമസിച്ചിരുന്നത്.



യുക്രൈനിൽ ഡോക്ടറായ യുവതി യുക്രൈൻ, ജർമനി, യുകെ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്താണ് പണം തട്ടിയെടുത്തതെന്നാണ് വിവരം. രേകകളും പണവും കൈപ്പറ്റിയ ശേഷവും ജോലി ലഭിക്കാതായതോടെയാണ് തൃശൂർ സ്വദേശിനി പൊലീസിൽ പരാതി നൽകിയത്.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം തൃശൂർ, കോഴിക്കോട് ജില്ലകളിലെ പൊലീസ് സ്റ്റേഷനുകളിലും കാർത്തികയുടെ ടേക്ക് ഓഫ് ഓവർസീസ് എജ്യൂക്കേഷണൽ കൺസൽട്ടൻസി എന്ന സ്ഥാപനത്തിനെതിരെ പരാതിയുണ്ട്. സ്ഥാപനത്തിന് ലൈസൻസില്ലെന്ന് നേരത്തെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൊച്ചിയിൽ മാത്രം മുപ്പത് ലക്ഷത്തോളം രൂപയുടെ തട്ടിപ്പ് കാർത്തിക നടത്തിയിട്ടുണ്ടെന്നാണ് പുറത്ത് വരുന്ന വിവരം.

Volume-10, Issue Number -169, Printed , Published & Owned by ROJA.N and Printed at KALATHINGAL PRINTERS,TC/27/2184, CHIRANKULAM ROAD, TRIVANDRUM, KERALA-695001
and Published at Santharam, Palamoodu,Vembayam .P.O, Thiruvananthapura-695615,Kerala. Editor: ROJA.N